പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 481

16.07.2008 – ൽ മറുപടിയ്ക്ക്

## നെൽകൃഷിയിൽ യന്ത്രവൽക്കരണം

**ചോദ്യം**

ശ്രീ. എൻ.ശക്തൻ
ശ്രീ. അടൂർ പ്രകാശ്
ശ്രീ. കെ.അച്ചുതൻ

**ഉത്തരം**

ശ്രീ. മുല്ലക്കര രത്നാകരൻ
(കൃഷി,വകുപ്പ് മന്ത്രി)

(എ) നെൽകൃഷിയിൽ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ;

(എ) ഉണ്ട്. കർഷകതൊഴിലാളികളുടെ ദൗർലഭ്യം പരിഗണിച്ച് ഇത്തരം ഒരു നിർദ്ദേശം പരിഗണനയിലുണ്ട്.

(ബി) ഇതിനായി കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഉണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ഇവിടെ നെൽകൃഷിക്കാവശ്യമായ എന്തൊക്കെ ഉപകരണങ്ങൾ നിർമ്മിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(സി) ചെളിയിൽ വിതയ്ക്കുന്ന യന്ത്രം, ട്രാക്ടറിൽ ഘടിപ്പിച്ച പരിഷ്കരിച്ച വിതയന്ത്രം, എഞ്ചിൻ ഘടിപ്പിച്ച ഒറ്റവരി/നാലുവരി കളയന്ത്രം എന്നിവയുടെയും പൊക്കാളി കൃഷിക്കനുയോജ്യമായ കൊയ്ത്ത് മെതി യന്ത്രത്തിന്റെയും വികസനത്തിനുള്ള പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.

(ഡി) പൊക്കാളി നെൽകൃഷി മേഖലയ്ക്ക് അനുയോജ്യമായ കൊയ്ത്തു യന്ത്രം വികസിപ്പിക്കാൻ എന്തെങ്കിലും പദ്ധതി നടപ്പിലാക്കുമോ;

(ഡി) നടപ്പിലാക്കുന്നതാണ്. പൊക്കാളി കൃഷിക്കനുയോജ്യമായ കൊയ്ത്ത് മെതി യന്ത്രം വികസിപ്പിച്ചെടുക്കുന്നതിനായി കേരള കാർഷികസർവ്വകലാശാലയുടെയും കാംകോയുടെയും സംയുക്തപദ്ധതിയിൽ യന്ത്രത്തിന്റെ വികസന പ്രവർത്തനങ്ങൾ കാംകോയിൽ നടന്നുവരുന്നു.

അടുത്ത കൊയ്ത്തുകാലത്ത് ഇവ വിജയകരമായി പരീക്ഷിക്കാമെന്ന് പ്രതീക്ഷിക്കുന്നു.

(ഇ) പുതിയ എഞ്ചിനീയറിംഗ് സർവ്വീസ് യൂണിറ്റുകളും ഗവേഷണ പദ്ധതികളും തുടങ്ങുന്നതിന് എന്തൊക്കെ പദ്ധതികളാണ് പരിഗണനയിലുള്ളത്;

(ഇ) ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് ജില്ലകൾ കേന്ദ്രീകരിച്ച് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ, റേഡ്കോ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ വഴിയും ആലപ്പുഴ, തൃശ്ശൂർ, പാലക്കാട്, കോട്ടയം, മലപ്പുറം എന്നീ ജില്ലകളിൽ കൃഷിവകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിലും അഗ്രി എഞ്ചിനീയറിംഗ് സർവ്വീസ് (ക്രസ്റ്റം ഹയറിംഗ് കം സർവ്വീസ് സെൻറർ) തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(എഫ്) ഈ വർഷം ഇതിനായി എന്തു തുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

(എഫ്) ഈ വർഷം വിവിധ പദ്ധതികളിലായി 750 ലക്ഷം രൂപയും കഴിഞ്ഞ വർഷം കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നൽകിയ 468 ലക്ഷം രൂപയും ചേർന്ന് 1218 ലക്ഷം രൂപ ഈ വർഷം ചെലവഴിക്കാൻ ഉദ്ദേശിക്കുന്നു.

Rosamma
സെക്ഷൻ ഓഫീസർ

## അനുബന്ധം

കേരള കാർഷിക സർവ്വകലാശാലാ തവനൂരിൽ നടപ്പിലാക്കിയിട്ടുള്ള ICAR യന്ത്രവൽക്കരണ പദ്ധതിയിൽ കേരളത്തിലെ നെൽകൃഷിക്കാവശ്യമായ നടീൽ യന്ത്രങ്ങൾ, മെതി യന്ത്രങ്ങൾ, കളയന്ത്രങ്ങൾ, കൊയ്ത്ത് യന്ത്രങ്ങൾ, കറ്റ കെട്ടുന്ന യന്ത്രങ്ങൾ . എന്നിവയിൽ പഠനങ്ങളും പരിശീലനങ്ങളും പ്രചാരണങ്ങളും നടന്നുവരുന്നുണ്ട്. ഈ പരിശീലനം കിട്ടിയവർ യന്ത്രങ്ങൾ ഉപയോഗിച്ച് നെൽകൃഷിയിലെ വിവിധ ജോലികൾ ചെയ്ത് വരുന്നു.

മേൽപറഞ്ഞ പദ്ധതിയ്ക്ക് പുറമെ സ്റ്റേറ്റ്പ്ലാനിംഗ്ബോർഡിൻെറ സഹായത്തോടെ നെൽകൃഷി യന്ത്രവൽക്കരണത്തിൻെറ പദ്ധതി ആവിഷ്ക്കരിക്കുന്നുണ്ട്.

സർവ്വകലാശാല നടപ്പാക്കുന്ന റൈസ് മിഷ്യൻെറ പരിപാടിയിൽ യന്ത്രവൽക്കരണത്തിന് മുൻതൂക്കം നൽകിക്കൊണ്ട് ജില്ലകൾതോറും നടപ്പിലാക്കാനുള്ള പദ്ധതിയുണ്ട്.

KAMCO, KAICO, RAIDCO, സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് വിഭാഗം എന്നിവയുടെ ആഭിമുഖ്യത്തിൽ ജില്ലകൾതോറും അഗ്രോ എഞ്ചിനീയറിംഗ് സർവ്വീസ് സെൻററുകൾ തുടങ്ങാനും ആവശ്യമുള്ള യന്ത്രങ്ങൾ കൃഷിക്കാർക്ക് യഥാസമയം നൽകാനുള്ള പദ്ധതിയും ആവിഷ്ക്കരിച്ചു വരുന്നു.

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ സ്വന്തമായി കൊയ്ത്തുമെതി യന്ത്രങ്ങൾ വാങ്ങുവാനുള്ള ടെൻഡർ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. കാംകോയുടെ പക്കൽ പ്രവർത്തനരഹിതമായി കിടക്കുന്ന കൊയ്ത്തുമെതി യന്ത്രങ്ങൾ ഈ ആഴ്ചയോടെ പ്രവർത്തനക്ഷമമാകും.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 482 — 16-07-08 ൽ മറുപടിക്ക്

## കേന്ദ്ര സഹായത്തോടെയുള്ള ടൂറിസം പദ്ധതികൾ

ചോദ്യം

ശ്രീ. പി. വിശ്വൻ
ശ്രീ.വി.എൻ.വാസവൻ
ശ്രീ.വി.ജെ.തങ്കപ്പൻ
ശ്രീ.എ.എം. ആരിഫ്
ശ്രീ. കെ. കുഞ്ഞിരാമൻ

ഉത്തരം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ടൂറിസം വകുപ്പ് കേന്ദ്ര സർക്കാരിന് സമർപ്പിച്ച പദ്ധതികൾ ഏതെല്ലാമാണ്;

(എ) അനുബന്ധം ' എ ' കാണുക

(ബി) ഇവയിൽ എത്ര പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചു;

(സി) ഇവ ഓരോന്നും നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

( ബി , & സി,) കേന്ദ്രാനുമതി ലഭിച്ച പദ്ധതികളും അവ നടപ്പാക്കാൻ സ്വീകരിച്ച നടപടികളും അനുബന്ധം 'ബി' യിൽ ചേർത്തിട്ടുണ്ട്.

(ഡി) കേന്ദ്ര സഹായത്തോടുകൂടി നടപ്പാക്കുന്നതിനായി പുതുതായി ടൂറിസം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അവ ഏതെല്ലാമെന്ന് അറിയിക്കുമോ?

(ഡി) കേന്ദ്ര സഹായത്തോടുകൂടി നടപ്പാക്കുന്നതിനായി തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളും വിവരങ്ങളും അനുബന്ധം ' സി ' യിൽ ചേർത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

## പന്ത്രണ്ടാം കേരള നിയമസഭ

ഏട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ:483  16-07-2008 ൽ മറുപടിയ്ക്ക്

### പുതിയ ഊർജ്ജസ്രോതസ്സുകൾ കണ്ടെത്താൻ നടപടി

| ചോദ്യം<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | മറുപടി<br>ശ്രീ. മന്ത്രി എ.കെ. ബാലൻ<br>(പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
|---|---|
| എ) വൈദ്യുതി ഉപഭോക്താക്കളുടെ ക്രമാതീതമായ വർദ്ധന കണക്കിലെടുത്ത് പുതിയ ഊർജ്ജ സ്രോതസ്സുകൾ കണ്ടെത്താൻ ആലോചിക്കുന്നുണ്ടോ; | എ) ഉണ്ട്. ഇതിന്റെ ഭാഗമായി കാറ്റ് അടക്കമുള്ള പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ വികസിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചു. കേരളത്തിന് പുറത്ത് ഒറീസ്സയിൽ 1000 മെഗാവാട്ട് ശേഷിയുള്ള കൽക്കരി നിലയം സ്ഥാപിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. സൗരോർജ്ജത്തിൽ നിന്നും വൈദ്യുതി ഉണ്ടാക്കുന്നതിനുള്ള സാദ്ധ്യതകളും പരിശോധിച്ചുവരുന്നു. |
| ബി) കേരളത്തിലെ ജല സംഭരണികളിൽ ജലത്തിന്റെ തോത് ആശങ്കാകുലമായി കുറഞ്ഞു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ ഭാഗമായിട്ടുള്ള വൈദ്യുതി പ്രതിസന്ധി മറികടക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കാമോ? | ബി) ഉണ്ട്. മഴയുടെ ലഭ്യതക്കുറവ് മൂലം കേരളത്തിലെ ജലസംഭരണികളിലെ ജലത്തിന്റെ അളവ് കുറഞ്ഞതിനാൽ ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉല്പാദനവും ഗണ്യമായി കുറഞ്ഞു. 2008 ജൂൺ 1 -ന് 729 മില്യൺ യൂണിറ്റ് വൈദ്യുതിക്കുള്ള വെള്ളം കേരളത്തിലെ ജലനിലയങ്ങളിൽ ഉണ്ടായിരുന്നു. 525 മില്യൺ യൂണിറ്റിന്റെ വെള്ളം ജൂൺ ഒന്നിന് ഉണ്ടായിരിക്കണമെന്നാണ് കണക്ക്. കഴിഞ്ഞവർഷം ഇത് 583 മില്യൺ യൂണിറ്റിന്റെ വെള്ളമായിരുന്നു. എന്നാൽ കാലവർഷം ശക്തിപ്പെടാത്തതിനാൽ നീരൊഴുക്കും ജലസംഭരണവും കുറഞ്ഞു. 13.07.2008 -ന് 820 മില്യൺ യൂണിറ്റിന്റെ വെള്ളമാണ് സംഭരണികളിലുള്ളത്. എന്നാൽ ഊർജ്ജഉൽപാദനം നടക്കാത്ത ശബരിഗിരി പദ്ധതിയുടെ ഭാഗമായ പമ്പ, കക്കി ഡാമുകൾ ഒഴിവാക്കിയാൽ 457 മില്യൺ യൂണിറ്റിന്റെ വെള്ളം മാത്രമാണുള്ളത്. കഴിഞ്ഞ വർഷം ഇതേസമയം 2058 മില്യൺ യൂണിറ്റിനുള്ള |

-483

വെള്ളം ലഭ്യമായിരുന്നു. 13.07.2008 ലെ നീരൊഴുക്ക് 15 മില്യൺ യൂണിറ്റിന്റേതാണ്. 13.07.2007 -ന് ഇത് 108 മില്യൺ യൂണിറ്റിന്റേതായിരുന്നു. ഇതിന്റെ ഭാഗമായിട്ടുള്ള വൈദ്യുതി പ്രതിസന്ധി മറികടക്കാൻ കേന്ദ്രത്തിൽ നിന്നും കൂടുതൽ വൈദ്യുതി കേരളത്തിന് ലഭ്യമാക്കാൻ ശ്രമിക്കുന്നതോടൊപ്പം വിവിധ സംസ്ഥാനങ്ങളിൽ നിന്നും വൈദ്യുതി ലഭ്യമാക്കാനും കേരളത്തിലെ താപനിലയങ്ങൾ പരമാവധി ഉപയോഗപ്പെടുത്താനും സംസ്ഥാന സർക്കാർ ശ്രമിച്ചുവരുന്നു. കൂടാതെ വൈകുന്നേരം 6.30 മുതൽ 10 വരെയുള്ള പീക്ക് സമയത്ത് അരമണിക്കൂർ ലോഡ്ഷെഡിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം: *484. 16.7.2008 ന് മറുപടിയ്ക്ക്

### ഐ.ടി.ഐ. ട്രെയിനികളുടെ തൊഴിൽ ലഭ്യതയും ട്രേഡ് ഫെസ്റ്റും ജോബ്ഫെയറും

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ. ബാബു എം. പാലിശ്ശേരി:<br>ശ്രീ. രാജു എബ്രഹാം:<br>ശ്രീ. വി. ശശികുമാർ:<br>ശ്രീ. മുരളി പെരുനെല്ലി:<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ: | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി). |
| (എ) ഐ.റ്റി.ഐ. ട്രെയിനികളുടെ തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) ഐ.ടി.ഐ. കളിൽ നിന്നും വിജയകരമായി പരിശീലനം പൂർത്തിയാക്കുന്ന ട്രെയിനികളുടെ തൊഴിൽ ലഭ്യത വർദ്ധിപ്പിക്കുന്നതിലേക്കായി സംസ്ഥാനത്തെ എല്ലാ ഐ.ടി.ഐ. കളിലും പ്ലേസ്മെൻറ് സെല്ലുകൾ പ്രവർത്തിക്കുന്നു. ഇവയ്ക്കു പുറമേ എല്ലാ ജില്ലകളിലും ജോബ് ഫെയറുകളും സ്കിൽ ഫെസ്റ്റുകളും സംഘടിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ട്രെയിനികൾക്കുവേണ്ടി ജോബ്ഫെയർ-2007 എന്ന പേരിൽ നടത്തിയ കാമ്പസ് ഇൻറർവ്യൂവിൽ എത്ര കമ്പനികൾ പങ്കെടുത്തു; എത്ര പേർക്ക് നിയമനം ലഭിച്ചു; | (ബി) ജോബ് ഫെയർ - 2007 എന്ന പേരിൽ തൃശ്ശൂരിൽ വച്ചു നടന്ന കാമ്പസ് ഇൻറർവ്യൂവിൽ 8 കമ്പനികൾ പങ്കെടുത്തു. ഇതിൻെറ ഫലമായി 1135 ട്രെയിനികൾക്ക് നിയമനം ലഭിച്ചു. |
| (സി) ഇതിനുശേഷം തൊഴിൽ വകുപ്പിൻെറ ആഭിമുഖ്യത്തിൽ ഏതെല്ലാം ജില്ലകളിൽ എത്ര ട്രേഡ് ഫെസ്റ്റും ജോബ്ഫെയറും നടത്തിയെന്ന് വിശദമാക്കുമോ; | (സി) ഇതിനുശേഷം കോഴിക്കോട് ജില്ലയിലും കൊല്ലം ജില്ലയിലും ട്രേഡ് ഫെസ്റ്റും, ജോബ് ഫെയറും നടത്തിയിട്ടുണ്ട്. കൊല്ലത്തുവച്ചു നടന്ന ജോബ് ഫെസ്റ്റിൽ 1375 പേർക്കും, കോഴിക്കോട് 759 പേർക്കും പ്ലേയ്സ്മെൻറ് നൽകാൻ കഴിഞ്ഞു. |
| (ഡി) എല്ലാ ജില്ലകളിലും ഇത്തരം പരിപാടികൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ 2008-2009 സാമ്പത്തിക വർഷത്തിൽ ജോബ് ഫെസ്റ്റുകൾ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

* നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 485 — 16.07.2008-ൽ മറുപടിക്ക്

## ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. കെ. സി. രാജഗോപാലൻ<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) നിയമസഭ പാസ്സാക്കിയ പ്രകാരം ക്ഷേമനിധി നടപ്പാക്കാനായി കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമ പദ്ധതിയുടെ കരട് തയ്യാറാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു. താമസിയാതെ പദ്ധതിക്ക് അന്തിമ രൂപം നല്കി വിജ്ഞാപനം പുറപ്പെടുവിച്ച ശേഷം ബോർഡ് രൂപീകരിച്ച് ക്ഷേമനിധി നടപ്പാക്കുന്നതാണ്. |
| (ബി) ക്ഷേമനിധിയുടെ പരിധിയിൽ ഏതെല്ലാം വിഭാഗം തോട്ടം തൊഴിലാളികളാണ് വരുന്നത്; | (ബി) റബ്ബർ, തേയില, കാപ്പി, ഏലം, കൊക്കോ, എണ്ണപ്പന, കശുവണ്ടി എന്നീ വിഭാഗങ്ങളിൽപ്പെടുന്ന തോട്ടം തൊഴിലാളികളാണ് ക്ഷേമനിധിയുടെ പരിധിയിൽ വരുന്നത്. |
| (സി) ക്ഷേമനിധി ബോർഡ് നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ അതിന്റെ ഘടന വ്യക്തമാക്കുമോ; | (സി) നിലവിൽ വന്നിട്ടില്ല. |
| (ഡി) ക്ഷേമനിധിയിൽ ഇതിനകം എത്ര കർഷകർ അംഗങ്ങളായി ചേർന്നിട്ടുണ്ട്; | (ഡി) ചോദ്യം ഉദിക്കുന്നില്ല. |
| (ഇ) ക്ഷേമനിധി പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; | (ഇ) ക്ഷേമനിധി പ്രകാരം ലഭിക്കുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർത്തിട്ടുള്ളവയാണ്.<br>(എ) അവശത മൂലം ജോലി ചെയ്യാൻ കഴിവില്ലാതാവുകയോ അഥവാ 60 വയസ്സ് തികയുകയോ ചെയ്ത അംഗത്തിന് പെൻഷൻ നല്കുന്നതിന്, |

(ബി) കുടുംബ പെൻഷൻ നൽകുന്നതിന്,

(സി) സ്ഥായിയായ അവശത അനുഭവിക്കുന്ന അംഗത്തിന് സാമ്പത്തിക സഹായം നൽകുന്നതിന്,

(ഡി) അംഗത്തിന്റെ പെൺമക്കളുടെ വിവാഹത്തിനു വേണ്ട ചെലവുകൾ നേരിടുന്നതിനോ അല്ലെങ്കിൽ ആശ്രിതന്റെ മരണത്തോടനുബന്ധിച്ച ചെലവുകൾ വഹിക്കുന്നതിനോ, അല്ലെങ്കിൽ അംഗത്തിന്റെ വീടു നിർമ്മാണത്തിനോ അഥവാ അറ്റകുറ്റപ്പണികൾക്കോ വേണ്ട ചെലവുകൾക്കായോ പദ്ധതിയിൽ നിർണ്ണയിച്ച പ്രകാരമുള്ള വായ്പകളോ ഗ്രാന്റുകളോ നൽകുന്നതിന്,

(ഇ) ക്ഷേമനിധി പദ്ധതിയിൽ അംഗമായ സ്ത്രീ തൊഴിലാളികൾക്ക് പ്രസവാനുകൂല്യങ്ങൾ നൽകുന്നതിന്,

(എഫ്) തോട്ടം തൊഴിലാളിക്കും അയാളുടെ കുടുംബാംഗങ്ങൾക്കും വേണ്ടി ചികിത്സാ സൗകര്യങ്ങളും, വിദ്യാഭ്യാസ സൗകര്യങ്ങളും നൽകുന്നതിന്,

(ജി) അംഗത്തിന് താമസസൗകര്യത്തിന്, സ്വന്തമായി ഭൂമിയോ വാസഗൃഹമോ ഇല്ലെങ്കിൽ അനുയോജ്യമായ ഭൂമിയോ കെട്ടിടത്തോടു കൂടിയ ഭൂമിയോ വാങ്ങുന്നതിനായി വായ്പ നൽകുന്നതിന്,

(എച്ച്) തോട്ടം തൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസം സംബന്ധിച്ച ആവശ്യങ്ങൾക്ക് സാമ്പത്തിക സഹായം നല്കുന്നതിന്.

| | |
|---|---|
| (എഫ്) ക്ഷേമനിധിയുടെ പ്രവർത്തനം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | (എഫ്) ക്ഷേമനിധിപദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.486 — 16-07-2008 ൽ മറുപടിയ്ക്ക്

കടാശ്വാസമോ സാമ്പത്തിക ആനുകൂല്യങ്ങളോ നൽകുന്നത് സംബന്ധിച്ച് തീരുമാനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി.പി. മുഹമ്മദ് :<br>ശ്രീ. അടൂർ പ്രകാശ് :<br>ശ്രീ. എൻ. ശക്തൻ :<br>ശ്രീ. കെ. ശിവദാസൻ നായർ : | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) | |
| എ) | കർഷക കടാശ്വാസ കമ്മീഷൻെറ ശുപാർശകൾ അനുസരിച്ച് കടാശ്വാസമോ സാമ്പത്തിക ആനുകൂല്യങ്ങളോ നൽകുന്നത് സംബന്ധിച്ച് എന്തെല്ലാം തീരുമാനങ്ങൾ ഗവൺമെൻറ് ഇതിനോടകം സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; | എ) | 9.8.2007-ലെ സ.ഉ.(എം.എസ്) നം.139/07 കൃഷി പ്രകാരം വയനാട് ജില്ലയെ ദുരന്തബാധിത പ്രദേശമായി പ്രഖ്യാപിക്കുകയും, 25.1.2008-ലെ സ.ഉ.(എം.എസ്) നം.13/08 കൃഷി പ്രകാരം വയനാട് ജില്ലയിലെ ഒരേക്കറിൽ കവിയാതെ കൃഷി ഭൂമിയുള്ള കർഷകർ 30.6.2006 വരെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള 25,000/- രൂപ വരെയുള്ള കാർഷിക കടങ്ങളുടെ ബാദ്ധ്യത സർക്കാർ ഏറ്റെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. |
| ബി) | കടാശ്വാസ കമ്മീഷൻ ഇതിനോടകം എത്ര റിപ്പോർട്ടുകൾ ഗവൺമെൻറിന് സമർപ്പിച്ചുവെന്നും ഇതിലെ പ്രധാന ശുപാർശകൾ എന്തെല്ലാമെന്നും വെളിപ്പെടുത്തുമോ ? | ബി) | 6 റിപ്പോർട്ടുകൾ സമർപ്പിച്ചു. ശുപാർശകൾ ചുവടെ ചേർക്കുന്നു.<br><br>i) വയനാട് ജില്ലയെ ദുരന്തബാധിത പ്രദേശമായി പ്രഖ്യാപിക്കണമെന്ന ശുപാർശ.<br><br>ii) തേയില, കാപ്പി, ഏലം എന്നീ വിളകളെ ദുരന്തബാധിത വിളകളായി പ്രഖ്യാപിക്കണമെന്ന ശുപാർശ<br><br>iii) ആലപ്പുഴ റവന്യൂ ജില്ലയെ ദുരന്തബാധിത പ്രദേശമായി പ്രഖ്യാപിക്കണമെന്ന ശുപാർശ |

2 486

iv) വയനാട് ജില്ലയിലെ ഒരേക്കറിൽ കവിയാതെ കൃഷിഭൂമിയുള്ള കർഷകർ 30.6.2006 വരെ സഹ കരണ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള 25,000/- രൂപ വരെയുള്ള കാർഷിക കടങ്ങളുടെ ബാദ്ധ്യതകൾ എഴുതിതള്ളണ മെന്ന ശുപാർശ.

v) അടയ്ക്ക ദുരന്ത ബാധിത വിള യായി പ്രഖ്യാപിക്കണമെന്ന ശുപാർശ.

vi) കരിമ്പ്, പരുത്തി എന്നീ വിളകളെ ദുരന്തബാധിത വിളകളായി പ്രഖ്യാപിക്കണമെന്ന ശുപാർശ.

Sulakshmi P.
സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 467

16.07.2008-ൽ മറുപടിയ്ക്ക്

## അഗ്രി പോളിടെക്നിക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. സുരേന്ദ്രൻപിള്ള | ശ്രീ. മുല്ലക്കര രത്നാകരൻ (കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് അഗ്രി പോളിടെക്നിക് ആരംഭിക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശി ക്കുന്നുണ്ടോ; | എ) ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ അഗ്രി ടെക്നിക്കൽ കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു. |
| ബി) സംസ്ഥാനത്ത് എത്ര ജില്ലകളിലാണ് അഗ്രി പോളിടെക്നിക് ആരംഭിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | ബി) കേരള കാർഷിക യൂണിവേഴ്സിറ്റിയുടെ കീഴിൽ സംസ്ഥാനത്ത് അഗ്രി പോളി ടെക്നിക് ആരംഭിക്കാനാണ് ഉദ്ദേശിക്കു ന്നത്. കൂടാതെ നൂതന കാർഷിക വിദ്യ യിലും യന്ത്രസാമഗ്രികളുടെ പ്രവർത്തന ങ്ങളിലും വേണ്ടത്ര പരിശീലനവും, അറിവും പകർന്നു നൽകാൻ ഹ്രസ്വകാല അഗ്രി ടെക്നിക്കൽ സർട്ടിഫിക്കറ്റ് കോഴ്സുകൾ കൃഷി വകുപ്പും, കേരള കാർഷിക സർവ്വകലാശാലയും ചേർന്ന് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നു. |
| സി) അഗ്രി പോളിടെക്നിക്കിൽ പ്രവേശനം നേടുന്നതിനുള്ള മിനിമം വിദ്യാഭ്യാസ യോഗ്യത എന്താണ്; | സി) മിനിമം വിദ്യാഭ്യാസ യോഗ്യത സംബ ന്ധിച്ച് തീരുമാനമെടുത്തിട്ടില്ല. |
| ഡി) അഗ്രി പോളിടെക്നിക്കിന്റെ സവിശേഷത എന്താണെന്ന് വിശദവിവരം നൽകു മോ? | ഡി) തൊഴിലാളികളുടെ ദൗർലഭ്യമാണ് സംസ്ഥാ നത്തെ കാർഷിക വികസനത്തിന് വിഘാ തമായി നിൽക്കുന്ന ഒരു ഘടകം. ആക യാൽ ഇതിനൊരു പരിഹാരമായി തൊഴിൽ |

457

രഹിതരായ പുതിയ തലമുറയ്ക്ക് നൂതന കാർഷിക വിദ്യയിലും യന്ത്ര സാമഗ്രി കളുടെ പ്രവർത്തനങ്ങളിലും വേണ്ടത്ര പരിശീലനം നൽകി കാർഷിക രംഗത്തേയ്ക്ക് ആകർഷിക്കുന്നതിന് സംസ്ഥാന കാർഷിക യൂണിവേഴ്സിറ്റിയുടെ കീഴിൽ അഗ്രി പോളിടെക്നിക് ആരംഭിക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ- 488 16/7/2008-ൽ മറുപടിയ്ക്ക്

# ജയിൽ മോചിതർക്ക് ആഫ്ററർ കെയർ ഇൻസ്റ്റിറ്റ്യൂട്ടുകൾ

ചോദ്യം ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

പ്രൊഫ.കെ.വി.തോമസ്: (ബഹു: ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി):

| | |
|---|---|
| (എ). ജയിൽ ശിക്ഷ കഴിഞ്ഞു പുറത്തുവരുന്നവർക്ക് തൊഴിൽ പരിശീലനത്തിനും മാനസിക പരിവർത്തനത്തിനും ആവശ്യമായ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടുകൾ ആരംഭിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; | (എ). ജയിൽ ശിക്ഷാ കാലയളവിൽ തന്നെ തടവുകാർക്ക് തൊഴിൽ പരിശീലനം നല്കുന്നതിനും മാനസികപരിവർത്തനത്തിനും പര്യാപ്തമായ പദ്ധതികൾ നടപ്പിലാക്കുന്നതിനാൽ ജയിൽ മോചിതരാകുന്നവർക്ക് പൊതു സമൂഹത്തിൽ ഇത്തരം പ്രത്യേക ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങുന്നത് അഭികാമ്യമാണെന്ന് തോന്നുന്നില്ല. |
| (ബി). എങ്കിൽ അവ എവിടെയൊക്കെ ആരംഭിക്കുമെന്നും പ്രവർത്തനരീതി എന്തായിരിക്കുമെന്നും വിശദീകരിക്കുമോ; | (ബി). ബാധകമല്ല |
| (സി). ജയിൽ മോചിതരാകുന്ന തടവുകാരുടെ പുനരധിവാസത്തിന് ആഫ്റ്റർ കെയർ ഇൻസ്റ്റിറ്റ്യൂട്ടുകൾ ആരംഭിക്കണമെന്ന നിർദ്ദേശം പരിഗണിക്കുമോ; | (സി). പരിഗണനയിലില്ല |
| (ഡി). എങ്കിൽ ഇതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ? | (ഡി). ബാധകമല്ല |

സെക്ഷൻ ആഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :469 16.07.2008ൽ മറുപടിക്ക്

വൈദ്യുതി സംസ്ഥാനത്തിനു പുറത്ത് വിൽക്കുന്നതിന് റഗുലേറ്ററി കമ്മീഷന്റെ അനുമതി

| ചോദ്യം.<br>ശ്രീ.കെ.ബാബു :<br>ശ്രീ.എം.എ. വാഹീദ് : | | ഉത്തരം<br>ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) ഈ വർഷം സംസ്ഥാന വൈദ്യുതി ബോർഡ് ഉല്പാദിപ്പിക്കുന്ന വൈദ്യുതി സംസ്ഥാനത്തിനു പുറത്ത് വിൽക്കുന്നതിന് റഗുലേറ്ററി കമ്മീഷന്റെ അനുമതി തേടിയിരുന്നുവോ ; | (എ) | നേടിയിരുന്നു. |
| (ബി) ഇക്കാലയളവിൽ എത്ര മെഗാവാട്ട് വൈദ്യുതി വില്ലാനാണ് അനുമതി തേടിയത് ;<br>(സി) ഇക്കാലയളവിൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് സംസ്ഥാനത്തിന് പുറത്ത് വിലപന നടത്തിയത് ; ആർക്കൊക്കെയാണെന്ന് വ്യക്തമാക്കുമോ ? | (ബി) & (സി) | 2008 വർഷത്തിൽ ജനുവരി മുതൽ ജൂൺ വരെ കെ.എസ്.ഇ.ബി യുടെ ഡീസൽ നിലയങ്ങളിൽ നിന്നും 50 MW ഓഫ് പീക്ക് പവർ എൻ.റ്റി.പി.സി വിദ്യുത് വ്യാപാർ നിഗം വഴി എല്ലാ മാസവും ആവശ്യമുള്ള മറ്റു സംസ്ഥാനങ്ങൾക്ക് നൽകിയിരുന്നു. കൂടാതെ കേരളത്തിന്റെ വിഹിതമായകായംകുളം നിലയത്തിൽ നിന്നുള്ള വൈദ്യുതിയും ബി.എസ്.ഇ.എസിൽ നിന്നുള്ള വൈദ്യുതിയും 50 മുതൽ 150 MW വരെ ജനുവരി 2008 മുതൽ 'എൻ.റ്റി.പി.സി വിദ്യുത് വിതരണ നിഗം' വഴിയും മറ്റു സംസ്ഥാനങ്ങൾക്ക് നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധം - 1 ആയി ചേർക്കുന്നു. ആർ.ജി.സി.സി.പി യിൽ നിന്നും 50 -150 MW വരെ വൈദ്യുതി ജനുവരി, ഫിബ്രുവരി,മാർച്ച് മാസങ്ങളിൽ തമിഴ്നാട് ഇലക്ട്രിസിറ്റി ബോർഡിലേക്ക് നൽകിയിട്ടുണ്ട്. |

K.G. Meera Rani

സെക്ഷൻ ഓഫീസർ.

2-489

[illegible] - 1 .

| Months in 2008 | RGCCP | | Sale through | BSES | | Sale through | Diesel/~~Naphtha~~ LSHS stations | | Sale through |
|---|---|---|---|---|---|---|---|---|---|
| | peak | off pak | | peak | off pak | | peak | off pak | |
| January | 50 | 150 | TNEB | 50 | 150 | NVVN | | 50 | NVVN |
| February | 50 | 150 | TNEB | 50 | 150 | NVVN | | 50 | NVVN |
| March | 50 | 150 | TNEB | 50 | 150 | NVVN | | 50 | NVVN |
| April | 50 | 150 | NVVN | 50 | 150 | NVVN | | 50 | NVVN |
| May | 50 | 150 | NVVN | 100 | 150 | NVVN | | 50 | NVVN |
| June | 150 | 150 | NVVN | 100 | 150 | NVVN | | 50 | NVVN |

K.B. Meera Rani
[illegible]

**പന്ത്രണ്ടാം കേരള നിയമസഭ**

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ:490 16-07-2008-ൽ മറുപടിക്ക്

## കേന്ദ്ര വനാവകാശ നിയമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ കെ.സി.കുഞ്ഞിരാമൻ<br>ശ്രീ.പി. കൃഷ്ണപ്രസാദ്<br>ശ്രീ.ബി.ഡി.ദേവസ്സി<br>ശ്രീ.ടി.പി. കുഞ്ഞുണ്ണി<br>ശ്രീമതി.കെ.എസ്. സലീഖ | | ശ്രീ.എ. കെ. ബാലൻ<br>(ബഹു: പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി.) | |
| എ) | കേന്ദ്ര വനാവകാശ നിയമം ആദിവാസികൾക്ക് നൽകുന്ന ഉറപ്പുകൾ എന്തെല്ലാമാണ് ; | കേന്ദ്ര വനാവകാശ നിയമം ആദിവാസികൾക്ക് നൽകുന്ന ഉറപ്പുകൾ ചുവടെ ചേർക്കുന്നു. | |
| | | 1 | 13-12-2005-ന് മുമ്പ് വനത്തിനുള്ളിൽ താമസിച്ചുവന്നിരുന്ന പട്ടികവർഗ്ഗക്കാർക്ക് അവരുടെ കൈവശമുള്ള ഭൂമി കൈവശംവച്ച് അനുഭവിക്കുന്നതിനും, അവിടെ ജീവിക്കുന്നതിനുമുള്ള അവകാശം. |
| | | 2 | വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ ഉടമസ്ഥാവകാശം. ചെറുകിട വന വിഭവങ്ങൾ ശേഖരിക്കുന്നതിനും, വിപണനം ചെയ്യുന്നതിനുമുള്ള അവകാശം. |
| | | 3 | തർക്കത്തിലുള്ള കൈവശ ഭൂമിയിലുള്ള തണ്ടപ്പേരിൽ ആക്കാനുള്ള അവകാശം. |
| | | 4 | പാട്ടമായോ, പട്ടയ പ്രകാരമോ ഉള്ള ഭൂമി തണ്ടപ്പേരിൽ ആക്കാനുള്ള അവകാശം. |
| | | 5 | ജൈവ വൈവിദ്ധ്യത്തിലുള്ള പരമ്പരാഗത അറിവും സംരക്ഷിക്കപ്പെടുന്നു. |
| | | 6 | വേട്ടയാടൽ ഒഴികെയുള്ള എല്ലാ വിധ അവകാശങ്ങളും സംരക്ഷിക്കുന്നു. |
| | | 7 | 13-12-2005-നു മുമ്പ് അന്യായമായി കുടിയൊഴിപ്പിച്ചവരെ പുനരധിവസിപ്പിക്കുവാനുള്ള അവകാശം |
| | | | **സാമൂഹ്യ അവകാശം** |
| | | 8 | മീൻപിടിക്കുന്നതിനും, മറ്റു ജല ജന്യ ജീവികളെ ഉപയോഗിക്കുന്നതിനും, കാലി മേയ്ക്കുന്നതിനുമുള്ള അവകാശം. |
| | | 9 | പ്രാകൃത കൃഷി ചെയ്യുന്നവരുടെ കൂട്ടായുള്ള ഹാബിറ്റാറ്റ് അവകാശം. |
| | | 10 | ഫോറസ്റ്റ് വില്ലേജ് റവന്യു വില്ലേജ് ആക്കുന്നതിനുള്ള അവകാശം. |
| | | 11 | സഹായിയായ ഉപയോഗത്തിനായി ഏതു വന വിഭവവും സംരക്ഷിക്കുന്നതിനും, നില നിർത്തുന്നതിനും, പ്രത്യുല്പാദിപ്പിക്കുന്നതിനുമുള്ള അവകാശം. |
| | | 12 | നിലവിലുള്ള മറ്റു നിയമങ്ങളനുസരിച്ചുള്ള അംഗീകൃതമായ എല്ലാ അവകാശങ്ങളും. |

2-490

| | | |
|---|---|---|
| ബി | കേന്ദ്ര വനാവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിനെക്കുറിച്ച് പഠിക്കാൻ നിയോഗിച്ചിരുന്ന ഉദ്യോഗസ്ഥതല സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ റിപ്പോർട്ടിലെ ശുപാർശകൾ വ്യക്തമാക്കുമോ ; | ഉദ്യോഗസ്ഥതല സമിതി റിപ്പോർട്ട് നൽകുകയും. 3-06-2008-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ: 62/2008/പജ്ജ.പവ.വിവ പ്രകാരം ആയത് സർക്കാർ അംഗീകരിക്കുകയും ചെയ്തു. അതിന്റെ പ്രധാന ശുപാർശ താഴെ പറയുന്നവയാണ്.<br>1. ഗ്രാമ സഭ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ<br>2. ഗ്രാമ സഭ ചേർന്നു ഫോറസ്റ്റ് റൈറ്റ്സ് കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ.<br>3. വനാവകാശ നിയമം നടപ്പാക്കുന്നതിനുള്ള സമയ ബന്ധിത നടപടി സ്വീകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം.<br>4. പട്ടികവർഗ്ഗ വികസന വകുപ്പ്, വനം വകുപ്പ്, റവന്യൂ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് ഇവ സ്വീകരിക്കേണ്ട നടപടികൾ.<br>5. സംസ്ഥാനതല മോണിറ്ററിംഗ് കമ്മിറ്റി, സബ്ഡിവിഷണൽ കമ്മിറ്റി, ജില്ലാതല കമ്മിറ്റി എന്നിവയുടെ രൂപീകരണം. |
| സി | ഇവ നടപ്പാക്കുന്നതിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ ; | കേന്ദ്ര വനാവകാശ നിയമം നടപ്പിലാക്കുന്നതു സംബന്ധിച്ച് പഠിച്ച് നിർദ്ദേശങ്ങൾ നൽകുവാൻ 25-02-2008-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ: 207/08/പജ്ജ.പവ.വിവ. പ്രകാരം വർക്കിംഗ് ഗ്രൂപ്പ് രൂപവൽക്കരിച്ചു. പ്രസ്തുത വർക്കിംഗ് ഗ്രൂപ്പ് നൽകിയ റിപ്പോർട്ട് 03-06-2008-ലെ സർക്കാർ ഉത്തരവ് (MS)62/2008/പജ്ജ.പവ.വിവ. പ്രകാരം സർക്കാർ അംഗീകരിക്കുകയുണ്ടായി. ഇതേ തുടർന്ന് 17-06-2008-ലെ സർക്കാർ ഉത്തരവ് (MS)68/2008/പജ്ജ.പവ.വിവ. പ്രകാരം പ്രസ്തുത നിയമം നടപ്പിലാക്കുന്നതിന് സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. 25-06-2008-ലെ സർക്കാർ ഉത്തരവ് നമ്പർ (MS)71/2008/പജ്ജ.പവ.വിവ. പ്രകാരം വനാവകാശ നിയമം സംബന്ധിച്ച് വിവിധ തലങ്ങളിലുള്ള ഉദ്യോഗസ്ഥരുടെ കമ്മിറ്റികൾ(സബ്ഡിവിഷണൽ കമ്മിറ്റി, ജില്ലാതല കമ്മിറ്റി, സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റി) രൂപീകരിക്കപ്പെട്ടു. വനാവകാശ നിയമം നടപ്പാക്കുന്നതു സംബന്ധിച്ച് അടിയന്തിരമായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ സ്റ്റേറ്റ് ലെവൽ മോണിറ്ററിംഗ് കമ്മിറ്റിയിൽ ചർച്ച ചെയ്തു തീരുമാനിച്ചിട്ടുണ്ട്. 07-07-2008-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ: 74/2008/പജ്ജ.പവ.വിവ. പ്രകാരം ഗ്രാമസഭ വിളിച്ചു ചേർത്ത് വനാവകാശ കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. സമയബന്ധിതമായി ഈ കമ്മിറ്റികൾ രൂപികരിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പട്ടികജ്ജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 11-07-2008-ന് വീഡിയോ കോൺഫറൻസ് വഴി എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട് |

| | | |
|---|---|---|
| ഡി | സംസ്ഥാനത്തെ വനങ്ങളിൽ എത്ര ആദിവാസി കുടുംബങ്ങൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ ? | കേരളത്തിലെ വനത്തിനുള്ളിൽ എഴുന്നൂറോളം പട്ടികവർഗ്ഗ സങ്കേതങ്ങളിലായി ഏകദേശം 25,000 പട്ടികവർഗ്ഗ കുടുംബങ്ങൾ അധിവസിച്ചുവരുന്നതായി കണക്കാക്കുന്നു. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നമ്പർ: 491 16.07.2008 ൽ മറുപടിയ്ക്ക്

**പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്:<br>ശ്രീ. സി.കെ.പി. പത്മനാഭൻ:<br>ശ്രീ. ആർ. സെൽവരാജ്:<br>ശ്രീ. എ.സി. മൊയ്തീൻ:<br>ശ്രീ.കെ. കുഞ്ഞിരാമൻ: | ശ്രീ. എ.കെ. ബാലൻ<br><br>പട്ടികസമുദായക്ഷേമവും ഊർജ്ജവും<br>വകുപ്പു മന്ത്രി |
| (എ) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; | (എ) ഉത്തരം അനുബന്ധമായി ചേർക്കുന്നു |
| (ബി) ഏതെല്ലാം ക്ലാസ്സുകളിലെ കുട്ടികൾക്കാണ് സ്പെഷ്യൽ കോച്ചിംഗ് നൽകുന്നതിന് സംവിധാനമുള്ളത്; | (ബി) S.S.L.C, +2, കോഴ്സുകളിൽ പഠിക്കുന്ന റഗുലർ വിദ്യാർത്ഥികളെ മാർച്ച് മാസത്തിൽ നടക്കുന്ന പൊതു പരീക്ഷയ്ക്ക് തയ്യാറെടുക്കുവാൻ 25 ദിവസം ദൈർഘ്യമുള്ള സ്പെഷ്യൽ കോച്ചിംഗ് ക്ലാസ്സുകളിൽ പങ്കെടുപ്പിക്കുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അയ്യൻകാളി ടാലന്റ് സെർച്ച് ആന്റ് ഡെവലപ്പ്മെന്റ് പദ്ധതി പ്രകാരം 5-ാം ക്ലാസ്സിൽ പഠിക്കുന്ന പട്ടികവർഗ്ഗ കുട്ടികൾക്ക് പ്രത്യേക ട്യൂഷനും മറ്റു പഠനോപകരണങ്ങളും നൽകുന്നുണ്ട്.<br><br>9-ാം ക്ലാസ്സു മുതൽ 12-ാംക്ലാസ്സുവരെ പഠിക്കുന്ന 10 പട്ടികവർഗ്ഗ വിദ്യാർത്ഥികളെ മികവിന്റെ അടിസ്ഥാനത്തിൽ തിരഞ്ഞെടുത്ത് നിലവാരമുള്ള സ്വകാര്യ റസിഡൻഷ്യൽ സ്ക്കൂളുകളിൽ പ്രവേശിപ്പിച്ച് അവരുടെ എല്ലാവിധ ചെലവുകളും സർക്കാർതലത്തിൽ നൽകി പ്രത്യേക ട്യൂഷൻ നൽകുന്ന അപ്ഗ്രഡേഷൻ ഓഫ് മെരിറ്റ് പദ്ധതിയും നിലവിലുണ്ട്.<br><br>(തുടർച്ച......2-ാം പേജ്) |

| | |
|---|---|
| (സി) പ്രവേശന പരീക്ഷകളിൽ പങ്കെടുക്കുന്നതിന് പരിശീലനം നൽകുന്നതിന് പദ്ധതി നിലവിലുണ്ടോ ; | (സി) ഉണ്ട്. +2 സയൻസ് ബാച്ചിൽ പഠിച്ചിരുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷയ്ക്ക് മുൻപായി തീവ്രപരിശീലനം നൽകുന്ന ഒരു പദ്ധതി 2007 ലും 2008 ലും പ്രവേശന പരീക്ഷയ്ക്ക് മുമ്പായി നടപ്പാക്കിയിരുന്നു. |
| (ഡി) എങ്കിൽ കഴിഞ്ഞ വർഷം എത്ര പേർക്ക് പരിശീലനം നൽകി എന്ന് അറിയിക്കുമോ ; | (ഡി) 116 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കാണ് 2006-07 വർഷം പരിശീലനം നൽകിയിരുന്നത്. 114 പേർക്കു 2007-08 ൽ പരിശീലനം നൽകി. |
| (ഇ) പി.എസ്.സി. പരീക്ഷകളിൽ പങ്കെടുക്കുന്നതിന് പരിശീലന പദ്ധതി ആവിഷ്ക്കരിക്കുമോ ; | (ഇ) പി.എസ്.സി. അടക്കമുള്ള റിക്രൂട്ടിംഗ് ഏജൻസികൾ നടത്തുന്ന മത്സര പരീക്ഷകളിൽ പങ്കെടുത്ത് വിജയിക്കുന്നതിന് 50% കേന്ദ്ര സഹായ പദ്ധതിയായ കോച്ചിംഗ് ആന്റ് അലൈഡ് സ്കീം നടപ്പിലാക്കിയിരുന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇൻഫർമേഷൻ & ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിലാണ് ടി പദ്ധതി നടപ്പിലാക്കിയിരുന്നത്. കൂടാതെ പി.എസ്.സി, ബാങ്കിംഗ് റിക്രൂട്ട്മെന്റ് മുതലായ മത്സരപരീക്ഷകളിൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കു 'ശേഷൻസ് അക്കാദമി' മുഖേന പ്രത്യേക പരിശീലനം നൽകുന്നതിനുള്ള ഒരു പദ്ധതി തയ്യാറാക്കി അംഗീകാരത്തിനായി കേന്ദ്ര സർക്കാരിനു സമർപ്പിച്ചിട്ടുണ്ട്. |
| (എഫ്) ഈ പദ്ധതികൾക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എന്തു തുക ചെലവാക്കും എന്ന് അറിയിക്കുമോ ? | (എഫ്) കോച്ചിംഗ് ആന്റ് അലൈഡ് പദ്ധതി നടപ്പിലാക്കുന്നതിനായി 50% കേന്ദ്ര സഹായമാണ് ലഭിച്ചത്. അതനുസരിച്ച് ലഭിച്ച 47,775 രൂപയും സംസ്ഥാന സർക്കാർ അനുവദിച്ച 47,775 രൂപയും ചേർത്ത് 95,550 രൂപയാണ് ഈ പദ്ധതിയ്ക്ക് വേണ്ടി 2007-08 വർഷം ചെലവഴിച്ചത്. |

[signature]

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 492 | 16/7/2008-ൽ മറുപടിക്ക്

**തേന്മാവ് കൃഷി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. ചന്ദ്രൻ**<br>**ശ്രീ. എം.ജെ. ജേക്കബ്**<br>**ശ്രീമതി .കെ.എസ്. സലീഖ**<br>**ശ്രീ.പി.ടി.എ. റഹീം** | **ശ്രീ. മുല്ലക്കര രത്നാകരൻ**<br>**(കൃഷി വകുപ്പു മന്ത്രി)** |
| എ) തേന്മാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് കൃഷി വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ ; എങ്കിൽ വെളിപ്പെടുത്തുമോ.; | എ) ഹോർട്ടികൾച്ചർ മിഷൻ മുഖേന തേന്മാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ കൃഷിത്തോട്ടം സ്ഥാപിക്കൽ, കൃഷിത്തോട്ടങ്ങളുടെ പുനരുദ്ധാരണം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |
| ബി) ഈ വർഷം മാമ്പഴമേളകൾ സംഘടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ അവ വിജയപ്രദമായിരുന്നോ ; | ബി) ഉണ്ട്. 2008 മേയ് മാസം 11-ാം തീയതി മുതൽ 13-ാം തീയതി വരെ തിരുവനന്തപുരം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിൽ വച്ച് ദേശീയ മാമ്പഴോത്സവം 2008 സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുകയുണ്ടായി. അത് വിജയപ്രദമായിരുന്നു. |
| സി) അത്യുൽപാദന ശേഷിയും ഗുണനിലവാരവുമുള്ള മാവിൻ തൈകൾ കുറഞ്ഞ വിലയ്ക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ; | സി) കൃഷിവകുപ്പിനു കീഴിലുള്ള ഫാമുകളിലൂടെ അത്യുൽപ്പാദനശേഷിയും ഗുണനിലവാരവുമുള്ള വിവിധയിനം മാവുകളുടെ ഗ്രാഫ്റ്റുകൾ തയ്യാറാക്കി വിതരണം ചെയ്തു വരുന്നുണ്ട്. ഇവ ഫാമുകളിൽ നിന്ന് നേരിട്ടും കൃഷി ഭവനുകളിലൂടെയും ന്യായമായ നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യുന്നു. കൂടാതെ വി.എഫ്.പി.സി.കെ അത്യുൽപാദനശേഷിയുള്ള മാവിൻ തൈകൾ ആവശ്യാനുസരണം കുറഞ്ഞ വിലയ്ക്ക് കർഷകർക്ക് വിതരണം ചെയ്യുന്നുണ്ട്.<br>" ഒരു വീട്ടിൽ ഒരു ഫലവൃക്ഷം" എന്ന ഒരു പദ്ധതി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്നതാണ്. ഇതിന്റെ ഭാഗമായി ഒരു ലക്ഷം മാവിൻ തൈകൾ സംസ്ഥാനത്ത് സൗജന്യമായി വിതരണം ചെയ്യുന്നതാണ്. |
| ഡി) വിദേശത്തേക്ക് മാമ്പഴം കയറ്റുമതി ചെയ്യുന്ന കാര്യത്തിൽ കേരളത്തിന്റെ പങ്ക് വ്യക്തമാക്കുമോ ? | ഡി) ഇത് സംബന്ധിച്ച കണക്കുകൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

* നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 493      16.07.2008-ൽ മറുപടിക്ക്

## ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കെ. ദിവാകരൻ<br>ശ്രീ. ആനത്തലവട്ടം ആനന്ദൻ<br>ശ്രീ. കെ. സി. രാജഗോപാലൻ<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. എ. എം. യൂസഫ് | ശ്രീ. പി.കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിറ്റിയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (എ) ഉണ്ട്. സംസ്ഥാനത്തിന്റെ വ്യവസായ തൊഴിൽ നയങ്ങൾക്ക് അനുഗുണമായ വ്യവസായ ബന്ധം നിലനിർത്തി, തൊഴിലാളികളുടെ ഉത്തമ താല്പര്യം സംരക്ഷിച്ച് വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിന് തൃകക്ഷി സമിതിയായ ഐ. ആർ. സി യുടെ പങ്ക് നിസ്തുലമാണ്. സാമ്പത്തിക പരിഷ്ക്കരണം മൂലമുണ്ടാകുന്ന കടുത്ത മത്സരം അതിജീവിച്ച് വ്യവസായ സംരംഭകർക്ക് കരുത്തേകാനും ആരോഗ്യമുള്ള വ്യവസായസ്ഥാപനങ്ങൾ സൃഷ്ടിക്കാനുതകുന്ന നയരൂപീകരണത്തിനും, വ്യവസായ മേഖലയിൽ സമാധാന അന്തരീക്ഷം സൃഷ്ടിച്ച് പരിപാലിക്കുന്നതിനും ഓരോ മേഖലയിലും പ്രവർത്തിക്കുന്ന വ്യവസായ ബന്ധ സമിതികൾ പ്രധാന പങ്കു വഹിക്കുന്നുണ്ട്. |
| (ബി) ഇൻഡസ്ട്രിയൽ റിലേഷൻസ് ബോർഡിന്റെ ഘടന എന്താണ്; | (ബി) തൊഴിലും എക്സൈസും വകുപ്പ് മന്ത്രി ചെയർമാനും വ്യവസായ, കൃഷി വകുപ്പ് മന്ത്രിമാർ കോ - ചെയർമാന്മാരുമായിട്ടുള്ള ഇൻഡസ്ട്രിയൽ റിലേഷൻസ് ബോർഡിൽ, തൊഴിൽ, വ്യവസായം, നിയമം, കൃഷി, ധനകാര്യം എന്നീ വകുപ്പുകളിലെ സെക്രട്ടറിമാരും ലേബർ കമ്മീഷണർ, അഡീഷണൽ ലേബർ കമ്മീഷണർ എന്നീ സർക്കാർ പ്രതിനിധികളും തൊഴിലാളി - തൊഴിലുടമ പ്രതിനിധികളായി 11 പേർ വീതവും ഉൾപ്പെടുന്നുണ്ട്. |
| (സി) സംസ്ഥാനത്തെ തൊഴിൽ മേഖലയുടെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (സി) തൊഴിൽ മേഖലയുടെ പ്രവർത്തനത്തെക്കുറിച്ച് അവലോകനം വകുപ്പു തലത്തിൽ എല്ലാ മാസവും നടത്താറുണ്ട്. |

→

(ഡി) തൊഴിൽ നിയമങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിനായി വിവിധ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്?

(ഡി) തൊഴിൽ നിയമങ്ങൾ നടപ്പാക്കുക, ഓരോ മേഖലയുടെയും പ്രത്യേകതകൾ അനുസരിച്ച് സേവന വേതന വ്യവസ്ഥകൾ ക്ലിപ്തപ്പെടുത്തുക, തൊഴിൽ നിയമങ്ങൾ കർശനമായി നടപ്പാക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥരുടെ പ്രവർത്തനങ്ങളെ കുറിച്ചുള്ള അവലോകനങ്ങൾ നടത്തുക തുടങ്ങിയ കാര്യങ്ങൾ നിർവ്വഹിച്ചു കൊണ്ടാണ് ഇൻഡസ്ട്രിയൽ റിലേഷൻസ് ബോർഡ് ഡിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടു പോകുന്നത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :494 — 16-7-2008-ൽ മറുപടിയ്ക്ക്

## ടൂറിസം വികസനത്തിന് എ.ഡി.ബി.വായ്പ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ ജോസഫ് എം.പുതുശ്ശേരി :<br>ശ്രീ.തോമസ് ചാഴിക്കാടൻ :<br>ശ്രീ.റോഷി അഗസ്റ്റിൻ : | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| (എ) കേരളത്തിന്റെ സമഗ്ര ടൂറിസം വികസനത്തിന് എ.ഡി.ബി.യിൽ നിന്ന് വായ്പ എടുക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ ; എങ്കിൽ എപ്രകാരമെന്ന് വിശദമാക്കുമോ ; | (എ) തീരുമാനിച്ചിട്ടില്ല. |
| (ബി) എത്ര കോടി രൂപയാണ് വായ്പയെടുക്കുവാൻ ഉദ്ദേശിക്കുന്നത് ; | (ബി) & (സി) ചോദ്യം ഉദിക്കുന്നില്ല |
| (സി) ഇതു സംബന്ധിച്ച് എ.ഡി.ബി യുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ ; | |
| (ഡി) കഴിഞ്ഞ വർഷം ടൂറിസത്തിലൂടെ എത്ര കോടി രൂപ സർക്കാരിന് വരുമാനമുണ്ടായെന്ന് | (ഡി) 2007 വർഷം ടൂറിസം വ്യവസായത്തിലൂടെ മൊത്തം ലഭിച്ച വരുമാനം 11,433 കോടി രൂപയായി കണക്കാക്കിയിരിക്കു |

2 - 4964

വ്യക്തമാക്കുമോ ?

നു. ഇതിൽ സർക്കാരിന് നേരിട്ട് ലഭിച്ച വരുമാനം സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് വിവരം ലഭ്യമാകുന്ന മുറയ്ക്ക് അറിയിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട

ചോദ്യം നമ്പർ 495 — 16-7-2008ൽ മറുപടിയ്ക്ക്

## കെ.ടി.ഡി.സി. യുടെ അടിസ്ഥാന വികസനത്തിനായി സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ചെന്താമരാക്ഷൻ :<br>ശ്രീമതി. പി. അയിഷാ പോറ്റി :<br>ശ്രീ. വി.ശിവൻകുട്ടി:<br>ശ്രീ. സാജു പോൾ:<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ: | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) കേരളത്തിലെ ടൂറിസം സാദ്ധ്യതകളെ പ്രയോജനപ്പെടുത്താൻ കെ.ടി.ഡി.സിയെ പ്രാപ്തമാക്കുന്നതിനുവേണ്ടി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; | (എ) കേരളത്തിലെ ടൂറിസം സാദ്ധ്യതകളെ പ്രയോജനപ്പെടുത്താൻ കെ.ടി.ഡി.സിയെ പ്രാപ്തമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ താഴെ ചേർക്കുന്നു.<br>(1) കൊച്ചിയിലെ മറീന പദ്ധതി കെ.ടി.ഡി.സിയുടെ കീഴിൽ നടപ്പിലാക്കാൻ തീരുമാനിച്ചു.<br>(2) മുഴപ്പിലങ്ങാടിൽ ഒരു ബീച്ച് റിസോർട്ട് തുടങ്ങാൻ അനുമതി നൽകി.<br>(3) യാത്രിനിവാസുകളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി അവയെ ടാമറിന്റ് ഈസി ഹോട്ടലുകളായി ഉയർത്താൻ നടപടികൾ സ്വീകരിച്ചു.<br>(4) ചെന്നൈ കേരള ഹൗസ് ഹോട്ടൽ പദ്ധതി പുനരാരംഭിച്ചു .<br>(5) ബോൾഗാട്ടി പാലസിലേയ്ക്ക് നേരിട്ട് എത്തുന്നതിന് രണ്ട് വരി പാത നിർമ്മിക്കാനുള്ള നടപടി സ്വീകരിച്ചു.<br>(6) പൊന്മുടിയിൽ കേന്ദ്ര സർക്കാർ സാമ്പത്തിക സഹായത്തോടെ നിർമ്മിച്ച കോട്ടേജുകൾ റിസോർട്ടായി മാറ്റാൻ കെ.ടി.ഡി.സിയ്ക്ക് കൈമാറി.<br>(7) മണ്ണാർക്കാട്ടും ഗുരുവായൂരിലും യാത്രി നിവാസുകളുടെ പ്രവർത്തനം ആരംഭിച്ചു . |

2 - 495

(8) പള്ളാത്തുരുത്തി, പുനലൂർ എന്നിവിടങ്ങളിലെ മോട്ടലുകൾ പ്രവർത്തനം ആരംഭിച്ചു.

(9) മുടങ്ങിക്കിടന്ന പല ഹോട്ടലുകളുടേയും പുനരുദ്ധാരണ പണിയും അറ്റകുറ്റ പണികളും ഏറ്റെടുത്ത് നടപ്പിലാക്കി തുടങ്ങി.

(10) മൂന്നാറിലെ ടീ കൗണ്ടി ഹോട്ടലിൽ പുതുതായി 24 മുറികൾ കൂടി പണിയാനുള്ള പദ്ധതി കെ.ടി.ഡി.സി. ഡയറക്ടർ ബോർഡ് അംഗീകരിച്ചു.

(11) ജീവനക്കാർക്ക് പരിശീലനം നൽകാൻ ട്രയിനിംഗ് കേന്ദ്രം ആരംഭിച്ചു.

(12) തേക്കടി ലേക്ക് പാലസിലേയ്ക്ക് വൈദ്യുതി വിതരണത്തിനായി കേബിൾ സൗകര്യം ഒരുക്കാൻ സാമ്പത്തിക സഹായം നല്കി.

(13) കുമരകത്ത് പക്ഷി സങ്കേത കേന്ദ്രത്തിന്റെ സമഗ്ര വികസനത്തിന് പദ്ധതി തയ്യാറാക്കി വരുന്നു.

ബി) കെ.ടി.ഡി.സിയുടെ പ്രവർത്തനലാഭം സംബന്ധിച്ച് കഴിഞ്ഞ 5 വർഷത്തെ കണക്ക് വെളിപ്പെടുത്തുമോ;

ബി) കെ.ടി.ഡി.സി. യുടെ കഴിഞ്ഞ 5 വർഷത്തെ പ്രവർത്തന ലാഭം താഴെ കാണിച്ചിരിക്കും പ്രകാരമാണ്

| വർഷം | | ലാഭം(+)/നഷ്ടം (-) (രൂപ ലക്ഷത്തിൽ) |
|---|---|---|
| 2003-04 | | (-)39.73 |
| 2004-05 | | (+)51.93 |
| 2005-06 | | (+)240.77 |
| 2006-07 | ഓഡിറ്റിന് വിധേയം | (+)688.44 |
| 2007-08 | | (+)680.38 |

3-495

സി) കെ.ടി.ഡി.സിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി സർക്കാർ സഹായം നൽകിയിട്ടുണ്ടോ;

സി) കെ.ടി.ഡി.സിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കഴിഞ്ഞ സാമ്പത്തിക വർഷം (2007-08) 310 ലക്ഷം രൂപ സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി പ്ലാൻ ഫണ്ടിൽ നിന്നും നൽകുകയുണ്ടായി. ഇതിനുപുറമെ ചെന്നൈ പദ്ധതിക്കായി 10 കോടി രൂപ മൂലധനമായി നൽകിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം (2008-09) 900 ലക്ഷം രൂപയും സംസ്ഥാന ബജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

ഡി) കോർപ്പറേഷൻ അടിസ്ഥാന സൗകര്യ വികസന രംഗത്ത് ചെയ്യുകൊണ്ടിരിക്കുന്നതും ഉടനെ ചെയ്യാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ സംബന്ധിച്ച് വിശദമാക്കുമോ?

ഡി) കോർപ്പറേഷൻ അടിസ്ഥാന സൗകര്യ വികസന രംഗത്ത് ചെയ്യുകൊണ്ടിരിക്കുന്നതും ഉടനെ ചെയ്യാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ സംബന്ധിച്ച് വിശദാംശങ്ങൾ താഴെ ചേർത്തിരിക്കുന്നു.

1. ചെന്നൈ ഹോട്ടൽ (കേരള ഹൗസ്) പദ്ധതി
2. മറീന പദ്ധതി, കൊച്ചി
3. മുഴപ്പിലങ്ങാടി ബീച്ച് റിസോർട്ട്
4. ടീ കൗണ്ടി, മൂന്നാറിൽ കൂടുതൽ മുറികൾ
5. കൺവെൻഷൻ സെന്റർ, സമുദ്ര ഹോട്ടൽ, കോവളം
6. ടാമറിന്റ് ഈസി ഹോട്ടലുകൾ

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :496 16-07-2008ൽ മറുപടിക്ക്

# കൂടംകുളം വൈദ്യുതി

| ചോദ്യം.<br>ശ്രീ.കെ.ശിവദാസൻ നായർ : | | ഉത്തരം<br>ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും ഊർജ്ജവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കൂടംകുളം അണുവൈദ്യുതി കേന്ദ്രത്തിൽ നിന്ന് കേരളത്തിന് എത്ര മെഗാവാട്ട് വൈദ്യുതി ലഭ്യമാകും ; | (എ) | കൂടംകുളം അണുവൈദ്യുതി കേന്ദ്രത്തിൽ നിന്ന് കേരളത്തിന് 266 മെഗാവാട്ട് വൈദ്യുതി ലഭ്യമാകും. |
| (ബി) | പ്രസരണലൈൻ സ്ഥാപിക്കുന്ന കാര്യത്തിൽ തടസ്സങ്ങൾ എന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട്. തടസ്സങ്ങൾ പരിഹരിക്കുന്നതിനായി പ്രാദേശികതലത്തിൽ എം.എൽ.എ മാർ, ജനപ്രതിനിധികൾ, കർഷകരുടെ പ്രതിനിധികൾ, പവർ ഗ്രിഡ് കോർപ്പറേഷൻ, കെ.എസ്.ഇ.ബി. അധികൃതർ എന്നിവരുടെ മീറ്റിംഗ് വിളിച്ചു ചേർക്കാൻ ബന്ധപ്പെട്ട ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്താൻ തീരുമാനമായിട്ടുണ്ട്. |
| (സി) | പ്രസരണ ലൈനുകളുടെ നിർമ്മാണം കേരളത്തിൽ ആരംഭിച്ചിട്ടുണ്ടോ ; | (സി) | ഉണ്ട്. തിരുനെൽവേലി മുതൽ കൊച്ചി (പള്ളിക്കര) - മാടക്കത്തറ (തൃശ്ശൂർ) വരെയുള്ള 400 കെ.വി. ലൈൻ നിർമ്മാണം പവർ ഗ്രിഡ് കോർപ്പറേഷൻ ആണ് നിർവഹിക്കുന്നത്. നിർദ്ദിഷ്ട ലൈൻ നവംബർ 2009ൽ തീർക്കാനാണ് പവർ ഗ്രിഡ് കോർപ്പറേഷൻ ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ഡി) | ഇതുമായി ബന്ധപ്പെട്ട സ്ഥലമേറ്റെടുക്കൽ പൂർത്തിയായോ ; | (ഡി)<br>&<br>(ഇ) | ഇൻഡ്യൻ ടെലിഗ്രാഫ് ആക്ട് 1885ലെ സെക്ഷൻ 10E1 (b) പ്രകാരവും, ഇൻഡ്യൻ ഇലക്ട്രിസിറ്റി ആക്ട് 2003 ലെ പാർട്ട് III പ്രകാരവും, പ്രസരണ ലൈൻ നിർമ്മാണത്തിന് സ്ഥലം ഏറ്റെടുക്കേണ്ട ആവശ്യമില്ല. സ്ഥലം ഉപയോഗി |
| (ഇ) | സ്ഥലം നഷ്ടപ്പെടുന്നവർക്കുള്ള നഷ്ടപരിഹാര വിതരണം പൂർത്തിയായോ ? | | |

ക്കാനുള്ള അവകാശമാണ് ഉപഭോക്താവിനുള്ളത്. ലൈൻ നിർമ്മാണം മേൽപറഞ്ഞ ആക്ടുകളിലെ നിയമങ്ങൾ പ്രകാരമായിരിക്കും. പക്ഷെ മരം മുറിക്കുന്നതിന്റെയും വിളനാശത്തിന്റെയും നഷ്ടപരിഹാരം ഇൻഡ്യൻ ടെലിഗ്രാഫ് ആക്ട് **10E1 (d)** പ്രകാരം നൽകുന്നതാണ്. സ്ഥലം ഏറ്റെടുക്കൽ ഇല്ലാത്തതിനാൽ നഷ്ടപരിഹാരം ബാധകമല്ല. എന്നാൽ, മരം മുറിക്കുന്നതിന്റെയും വിള നാശത്തിന്റെയും നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിനായി ജില്ലാകളക്ടറുടെ കീഴിൽ ഒരു പ്രത്യേക റവന്യൂ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. പവർ ഗ്രിഡ് കോർപ്പറേഷനാണ് നഷ്ടപരിഹാരം നൽകുന്നത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 497

16.07.2008-ൽ മറുപടിയ്ക്ക്

## സീഡ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ.ടി. ജലീൽ<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് സീഡ് അതോറിറ്റിയുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | എ) 3.6.2000 നാണ് കേരള സംസ്ഥാന വിത്തു വികസന അതോറിറ്റി രൂപം കൊണ്ടത്. വിത്തു വികസന അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാന കൃഷി വകുപ്പ് രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതിയിലൂടെ തെരഞ്ഞെടുത്ത പാടശേഖരങ്ങളിൽ നിന്നും ഉല്പാദിപ്പിച്ച ഗുണമേന്മയുള്ള നെൽവിത്ത് സംഭരിച്ച് സംസ്ക്കരിച്ച് യഥാസമയം കർഷകർക്ക് ലഭ്യമാക്കുന്നു. വിത്തുല്പാദനവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കർഷകർക്കും കൃഷി ഉദ്യോഗസ്ഥന്മാർക്കും പരിശീലനം നൽകിവരുന്നു. കേന്ദ്ര/ സംസ്ഥാന നെൽക്കൃഷി വികസന പദ്ധതികൾ നടപ്പിലാക്കുന്നതിന് സബ്സിഡി നിരക്കിൽ പഞ്ചായത്തുതല കൃഷിഭവൻ മുഖേന കർഷകർക്ക് വിത്ത് ലഭ്യമാക്കുന്നു. മിനി കിറ്റ് പദ്ധതിയിൽ (കേന്ദ്ര പദ്ധതി) വിത്ത് സൗജന്യമായി കർഷകർക്ക് ലഭ്യമാക്കുന്നു. വരൾച്ച, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതിക്ഷോഭങ്ങൾമൂലം വിളനാശം സംഭവിക്കുന്ന കർഷകർക്ക് സർക്കാർ നിർദ്ദേശിക്കുന്നപ്രകാരം സൗജന്യ വിതരണത്തിനായി നെൽവിത്ത് ലഭ്യമാക്കുന്നു. |

| | |
|---|---|
| ബി) ഗുണനിലവാരമുള്ള വിത്ത് ഉത്പാദിപ്പിക്കുന്ന കാര്യത്തിൽ അതോറിറ്റി എന്തെങ്കിലും സഹായം ചെയ്യിട്ടുണ്ടോ; | ബി) കേന്ദ്ര നെൽകൃഷി പദ്ധതിയായ രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതിയിൽ ഗുണനിലവാരമുള്ള സർട്ടിഫൈഡ് വിത്ത് തയ്യാറാക്കുന്നത് തിരഞ്ഞെടുത്ത പാടശേഖരങ്ങളിലാണ് . ഈ പാടശേഖരങ്ങളിൽ വിത്ത് ഉല്പാദിപ്പിക്കുന്നതിന് കൃഷിയിറക്കാൻ ഒരു ഹെക്ടറിന് 1200 രൂപ വില വരുന്ന 80 കിലോ വിത്ത് സൗജന്യമായി നൽകുന്നു. കൂടാതെ ഒരു ഹെക്ടറിൽ നിന്നും സംഭരിക്കുന്ന വിത്തിന് കിലോക്ക് 13 രൂപയും നൽകുന്നു. സംഭരിച്ച വിത്ത് കൃഷിയിറക്കുന്ന സീസൺ വരെ സൂക്ഷിച്ച് കേരളത്തിലെ എല്ലാ കൃഷിഭവനുകളിലും ആവശ്യപ്പെടുന്ന പ്രകാരം വിത്ത് എത്തിച്ച് നൽകുന്നു. കൃഷി ഭവനിൽ നിന്നും കർഷകർക്ക് കിലോഗ്രാമിന് 15 രൂപ നിരക്കിൽ വിത്ത് നൽകി വരുന്നു. സീഡ് അതോറിറ്റിയിൽ വിത്ത് ലഭ്യമല്ലാത്ത സാഹചര്യത്തിൽ സർക്കാർ അംഗീകൃത ഏജൻസികളായ നാഷണൽ സീഡ് കോർപ്പറേഷൻ, കർണാടക സ്റ്റേറ്റ് സീഡ് കോർപ്പറേഷൻ എന്നിവ മുഖേനെയും വിത്ത് സംഭരിച്ച് കർഷകർക്ക് ലഭ്യമാക്കാറുണ്ട്. ത്രിതല പഞ്ചായത്ത് പദ്ധതികൾക്കും കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾക്കും വിത്ത് സംഭരിച്ചു നൽകാറുണ്ട്. |
| സി) വിത്തുകളുടെ ഗുണപരിശോധനയ്ക്ക് ലബോറട്ടറി സൗകര്യം ലഭ്യമാക്കിയിട്ടുണ്ടോ; | സി) വിത്ത് സാമ്പിളുകൾ പരിശോധിക്കുന്നതിന് സംസ്ഥാനത്ത് മൂന്ന് വിത്തുപരിശോധനാലാബുകൾ പ്രവർത്തിക്കുന്നുണ്ട്. കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ ആലപ്പുഴയിലും തിരുവനന്തപുരത്തും ഓരോ വിത്ത പരിശോധന ലാബും കാർഷിക സർവ്വകലാശാലയുടെ നിയന്ത്രണത്തിൽ പട്ടാമ്പിയിൽ ഒരു വിത്ത് പരിശോധന ലാബും പ്രവർത്തിച്ചുവരുന്നു. |

മേൽപ്പറഞ്ഞ ലാബുകളിൽ പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തിയതിനുശേഷമാണ് വിത്ത് സംഭരിക്കുന്നത്.

ഡി) സംസ്ഥാനത്തിന് ആവശ്യമുള്ള വിത്തുകളുടേയും നടീൽ വസ്തുക്കളുടേയും വിവരശേഖരണത്തിന് സംവിധാനമുണ്ടോ;

ഡി) പ്രധാന ഭക്ഷ്യവിളയായ നെൽവിത്തിന്റെ കാര്യത്തിൽ ആവശ്യമുള്ള വിത്തിന്റെ വിവരം സംസ്ഥാന വിത്തുവികസന അതോറിറ്റി മുഖാന്തിരം ശേഖരിച്ചിട്ടുണ്ട്. പച്ചക്കറിയുടെ കാര്യത്തിൽ ആവശ്യമുള്ള വിത്തിന്റെ വിവരം സംബന്ധിച്ച് സീഡ് അതോറിറ്റി വി.എഫ്.പി.സി.കെ. യിൽ നിന്നും ബ്ലോക്ക്തല അസിസ്റ്റന്റ് ഡയറക്ടർമാരിൽ നിന്നും കണക്കുകൾ ശേഖരിക്കുന്നതാണ്. മറ്റു വിളകളുടെ കാര്യത്തിൽ പ്രാദേശികമായി ഏറ്റെടുത്തു നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്ന പദ്ധതികൾക്ക് അനുസൃതമായി വിത്തിന്റെയും നടീൽ വസ്തുക്കളുടെയും ആവശ്യകതയിൽ വർഷംതോറും ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ട്. നെല്ല് ഒഴികെയുള്ള വിളകളുടെയും വിത്തുകളുടെയും നടീൽ വസ്തുക്കളുടെയും ആവശ്യകത മുൻകൂട്ടി കണക്കാക്കുന്നത് പ്രായോഗികമല്ലാത്തതിനാൽ ഓരോ പഞ്ചായത്തിനും ആവശ്യമായ വിത്ത്, നടീൽ വസ്തുക്കൾ എന്നിവയുടെ കണക്ക് പഞ്ചായത്തുതല കൃഷിഭവൻ മുഖേന ശേഖരിച്ച് അവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ഇ) സ്വകാര്യ നഴ്സറികൾക്ക് അംഗീകാരം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

ഇ) 13.12.2005-ലെ സ.ഉ. (സാധാ.) നം. 1796/2005/കൃഷി സർക്കാർ ഉത്തരവിൽ അനുശാസിക്കുന്ന നിബന്ധനകൾക്ക് വിധേയമായി സ്വകാര്യ നഴ്സറികൾക്ക് അംഗീകാരം നൽകി വരുന്നുണ്ട്.

എഫ്) കൃഷിനാശം നേരിട്ട പ്രദേശങ്ങളിൽ വിത്തുകൾ സബ്സിഡി നിരക്കിൽ നൽകുന്നതിന് പദ്ധതി ആവിഷ്ക്കരിക്കുമോ?

എഫ്) വരൾച്ച, വെള്ളപ്പൊക്കം തുടങ്ങിയ പ്രകൃതി ക്ഷോഭങ്ങൾമൂലം വിളനാശമുണ്ടായാൽ വീണ്ടും കൃഷിയിറക്കുന്നതിന് നെൽവിത്ത് സൗജന്യമായി നൽകിവരുന്നുണ്ട്. സർക്കാർ നിർദ്ദേശപ്രകാരം സീഡ് അതോറിറ്റി, വിത്തുഫാമുകൾ തുടങ്ങിയവയിലൂടെയാണ് കർഷകർക്ക് വിത്ത് ലഭ്യമാക്കുന്നത്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 498

16.07.2008-ൽ മറുപടിയ്ക്ക്

## അഗ്രോമെറ്റ് അഡ്വൈസറി സർവ്വീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ. എൻ. അനിരുദ്ധൻ<br>ശ്രീ. കെ. അജിത്<br>ശ്രീ. പള്ളിപ്രം ബാലൻ<br>ശ്രീ. രാജാജി മാത്യു തോമസ് | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കാലാവസ്ഥാ വ്യതിയാനങ്ങളെ ഫലപ്രദമായി നേരിടാൻ പാകത്തിലുള്ള വിത്തിനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള ഗവേഷണങ്ങൾ സംസ്ഥാനത്ത് നടന്നുവരുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | എ) കാലാവസ്ഥാ വ്യതിയാനങ്ങളെ ഫലപ്രദമായി നേരിടാൻ പാകത്തിലുള്ള വിത്തിനങ്ങൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള ഗവേഷണങ്ങൾ, കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ ഗവേഷണ സ്ഥാപനങ്ങളിൽ നടന്നുവരുന്നുണ്ട്. നെല്ലിന്റെ വളർച്ചയുടെ ആദ്യഘട്ടത്തിലെ വരൾച്ചയെ ഒരു പരിധിവരെ നേരിടാൻ കഴിവുള്ള ഭാഗ്യ, ഓണം എന്നീ നെൽ വിത്തിനങ്ങൾ കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. കൂടാതെ അപ്രതീക്ഷിതമായുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾമൂലം കൃഷിനാശം ഉണ്ടാകുമ്പോൾ വീണ്ടും കൃഷി ഇറക്കത്തക്ക വിധത്തിൽ വളരെ മൂപ്പു കുറഞ്ഞ നെല്ലിനങ്ങളായ ഹ്രസ്വ (75 ദിവസം മുതൽ 80 ദിവസം വരെ മൂപ്പ്), കൾച്ചർ എസ്.ഡി-36 (100 ദിവസം മുതൽ 105 ദിവസം വരെ പ്രായം) എന്നിവയും കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇതിനു |

പുറമെ വെള്ളക്കെട്ട്, ഓരുവെള്ളം എന്നിവയെ ഒരു പരിധിവരെ അതിജീവിക്കാൻ കഴിവുള്ള അതാതു സ്ഥലത്തേയ്ക്ക് അനുയോജ്യമായ നെല്ലിനങ്ങളും വികസിപ്പിച്ചെടുത്തിട്ടുണ്ട്. വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ നീരജ വികസിപ്പിച്ചെടുത്തിട്ടുണ്ട്. വൈറ്റില 3 മുതൽ 7 വരെയുള്ള നെല്ലിനങ്ങൾ ഓരു വെള്ളത്തെ ഒരു പരിധിവരെ അതിജീവിക്കുന്നതിനനുയോജ്യമായി വികസിപ്പിച്ചെടുത്തിട്ടുണ്ട്.

കുരുമുളകിൽ വരൾച്ചയെ നേരിടാൻ ശേഷിയുള്ള ഒരു സങ്കരയിനം വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇത് അവസാനഘട്ട നിരീക്ഷണത്തിലാണ്.

അടുത്തകാലത്തു ലഭിച്ച അകാലമഴയുടെ വെളിച്ചത്തിൽ, അപ്രതീക്ഷിതമായി വന്നുചേരുന്ന വേനൽമഴയിൽ നിന്നുണ്ടാകുന്ന ആഘാതത്തെ ചെറുത്തു നിൽക്കുവാൻ ശേഷിയുള്ള നെല്ലിനങ്ങൾ വികസിപ്പിച്ചെടുക്കാനുള്ള ഗവേഷണ പദ്ധതികൾ കാർഷിക സർവ്വകലാശാല നടപ്പിലാക്കുന്നുണ്ട്.

ബി) സംസ്ഥാനത്ത് പ്രാദേശിക കേന്ദ്രങ്ങളിൽ അഗ്രോമെറ്റ് അഡ്വൈസറി സർവ്വീസ് ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതുമൂലം കർഷകർക്ക് ലഭിക്കുന്ന സർവ്വീസുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ബി) ഇന്ത്യൻ മെറ്റീരിയോളജിക്കൽ ഡിപ്പാർട്ട്മെന്റ്, കൃഷിവകുപ്പ് എന്നിവയുടെ സഹകരണത്തോടെ കേരളത്തിലെ അഞ്ച് പ്രാദേശിക ഗവേഷണ കേന്ദ്രങ്ങളിൽ അഗ്രോമെറ്റ് അഡ്വൈസറി സർവ്വീസ് തുടങ്ങുവാനുള്ള നടപടികൾ കേരള കാർഷിക സർവ്വകലാശാല ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വെള്ളായണി, കുമരകം, വെള്ളാനിക്കര എന്നീ കേന്ദ്രങ്ങളിൽ നിന്ന് കാലാവസ്ഥാ വ്യതിയാനങ്ങൾക്കനുസൃതമായി വിളകളിൽ

ഉണ്ടാകുന്ന രോഗകീടങ്ങളുടെ ആക്രമണ സാദ്ധ്യത, കൃഷിക്കാർ സ്വീകരിക്കേണ്ട മുൻകരുതൽ നടപടികൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ മാധ്യമങ്ങളിലൂടെ നൽകി വരുന്നു. അമ്പലവയൽ, പീലിക്കോട് എന്നിവയാണ് മറ്റ് രണ്ട് പ്രാദേശിക കേന്ദ്രങ്ങൾ.

ഇന്ത്യൻ മെറ്റീരിയോളജിക്കൽ ഡിപ്പാർട്ട്മെന്റ് കാലാവസ്ഥാ മാറ്റത്തെ ബാധിക്കുന്ന ഏഴ് പ്രധാന ഘടകങ്ങളായ മഴ, ഉയർന്ന ഊഷ്മാവ്, താഴ്ന്ന ഊഷ്മാവ്, മഴമേഘങ്ങളുടെ സാന്നിദ്ധ്യം, ആപേക്ഷിക ആർദ്രത, കാറ്റിന്റെ ഗതി, കാറ്റിന്റെ വേഗത, എന്നിവയെക്കുറിച്ചുള്ള അഞ്ച് ദിവസത്തേക്കുള്ള മുന്നറിയിപ്പ് കേരളത്തിലെ അഞ്ച് പ്രാദേശിക കേന്ദ്രങ്ങൾക്ക് നൽകുന്നതാണ്. കൂടാതെ അടുത്ത ഏഴു ദിവസത്തേക്ക് ലഭ്യമാകാവുന്ന ആകെ മഴയുടെ അളവും പ്രാദേശിക കേന്ദ്രങ്ങൾക്ക് ലഭ്യമാക്കും. എല്ലാ ആഴ്ചയിലും ചൊവ്വ, വെള്ളി ദിവസങ്ങളിൽ ലഭ്യമാക്കുന്ന ജില്ലാതലത്തിലുള്ള പ്രസ്തുത വിവരങ്ങൾ അതാതു ജില്ലകളിലെ കാർഷിക വിളകൾക്ക് ഉപയുക്തമാകുന്ന തരത്തിലുള്ള പ്രവചനമാക്കി മാറ്റി ജില്ലാതലത്തിലുള്ള ബുള്ളറ്റിനുകൾ, അച്ചടി മാധ്യമങ്ങൾ, ഇലക്ട്രോണിക് മാധ്യമങ്ങൾ, മറ്റ് വിജ്ഞാന വ്യാപന മാർഗ്ഗങ്ങൾ എന്നിവയിലൂടെ പ്രാദേശിക കേന്ദ്രങ്ങൾ കൃഷിക്കാരിലേയ്ക്ക് എത്തിക്കുന്ന പദ്ധതിയാണ് വിഭാവനം ചെയ്തിരിക്കുന്നത്.

കൂടാതെ, ISRO (Indian Space Research Organisation), IMD (Indian Meteorological Department), CUSAT (Cochin University of

Science and Technology) എന്നിവയുടെ സഹകരണത്തോടെ കാലാവസ്ഥ പ്രവചനം കുറ്റമറ്റതാക്കാനും വ്യാപനം മെച്ചപ്പെടുത്താനുമുള്ള പ്രവർത്തനങ്ങൾ കാർഷിക സർവ്വകലാശാല ഉടനെ ഏറ്റെടുക്കുന്നതാണ്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

എട്ടാം സമ്മേളനം

*നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 499* *16.7.2008 ൽ മറുപടിക്ക്*

## കൊല്ലം കാഷ്യൂ സ്പെഷ്യൽ ഓഫീസിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി.അയിഷാ പോറ്റി<br>ശ്രീ.ബി.രാഘവൻ<br>ശ്രീമതി.ജെ.അരുന്ധതി | ശ്രീ. പി. കെ. ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| എ) കൊല്ലം ആസ്ഥാനമായി ആരംഭിച്ച കാഷ്യൂ സ്പെഷ്യൽ ഓഫീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും വിപുലീകരിക്കുന്നതിനുമായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | എ) കൊല്ലം ആസ്ഥാനമായി ആരംഭിച്ച കാഷ്യൂ സ്പെഷ്യൽ ഓഫീസിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്പെഷ്യൽ ഓഫീസറായി ശ്രീ.ജി.മോഹൻദാസ്,IFS നെ നിയമിച്ചു. ശ്രീ.ജി.മോഹൻദാസ് ചുമതല ഏറ്റെടുത്തശേഷം ടി ഓഫീസ് സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനു വേണ്ടി കൊല്ലം സിവിൽ സ്റ്റേഷനടുത്തുള്ള ഒരു വാടകക്കെട്ടിടത്തിലേക്ക് മാറ്റി. ഫർണിച്ചറുകൾ, ഓഫീസ് സാമഗ്രികൾ തുടങ്ങിയവ വാങ്ങി സ്ഥാപിച്ചു സൗകര്യങ്ങൾ മെച്ചപ്പെടുത്തി പ്രവർത്തനം ആരംഭിക്കുകയും ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് ഇൻസ്പെക്ടർ ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്(Gr.I) ഉൾപ്പെടെ മറ്റു വകുപ്പുകളിൽ നിന്നും വിന്യസിച്ചിട്ടുള്ള എല്ലാ ഉദ്യോഗസ്ഥരുടേയും സേവനം ഉറപ്പുവരുത്തുകയും ഓഫീസിൽ ടെലിഫോൺ സൗകര്യം ഉൾപ്പെടെ മൂന്നു കമ്പ്യൂട്ടറുകളും (ഇന്റർനെറ്റ് സൗകര്യമുള്ള) സ്ഥാപിക്കുകയും ചെയ്തു. കൂടാതെ 13.2.2007 മുതൽ പ്രാബല്യത്തിൽ വന്ന പുതിയ അൺരജിസ്റ്റേർഡ് കാഷ്യൂ ഫാക്ടറീസ് പ്രൊഹിബിഷൻ ഓർഡിനൻസ് 2007 അനുസരിച്ച് അനധികൃത കശുവണ്ടി കുടിവറുപ്പ് കേന്ദ്രങ്ങളിൽ റെയ്ഡ് നടത്തുന്ന ആവശ്യത്തിലേക്കായി സ്പെഷ്യൽ ഓഫീസർക്ക് ഒരു അംബാസിഡർ കാറും , ഒരു ജീപ്പും വാങ്ങി റെയ്ഡ് ഊർജ്ജിതമാക്കുകയും ചെയ്തു. |
| ബി) ഈ ഓഫീസ് നിലവിൽ വന്നതിനുശേഷം എത്ര കശുവണ്ടി ഫാക്ടറികൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ; | ബി) കാഷ്യൂ സ്പെഷ്യൽ ഓഫീസ് നിലവിൽ വന്നതിനുശേഷം 26.7.2006 മുതൽ 9.7.2008 വരെ സെക്ഷൻ 2 m(1) പ്രകാരം 47 ഫാക്ടറികൾക്കും സെക്ഷൻ 85 പ്രകാരം 9 ഫാക്ടറികൾക്കും ലൈസൻസ് നൽകിയിട്ടുണ്ട്. |

2

സി) കശുവണ്ടി വ്യവസായ രംഗത്തുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങൾ അവസാനിപ്പിക്കുന്നതിനായി കാഷ്യൂ സ്പെഷ്യൽ ഓഫീസ് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

സി) 1967 ലെ അൺരജിസ്റ്റേർഡ് കാഷ്യൂനട്ട് ഫാക്ടറീസ് പ്രൊഹിബിഷൻ ആക്ട് ഓർഡിനൻസ് വഴി ഭേദഗതി ചെയ്ത് നിയമം കർക്കശമാക്കുകയും അനധികൃത കശുവണ്ടി സംസ്കരണ/കുടിവറുപ്പ് കേന്ദ്രങ്ങളിൽ റെയ്ഡുകൾ നടത്തി കശുവണ്ടിയും മറ്റു സാമഗ്രികളും കണ്ടുകെട്ടുകയും നിയമപരമായ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. തൊഴിലാളികളിൽ നിന്നും വിവിധ തൊഴിലാളി സംഘടനാ പ്രതിനിധികളിൽ നിന്നും രജിസ്റ്റേർഡ് കശുവണ്ടി ഫാക്ടറികളിൽ നടക്കുന്ന നിയമ നിഷേധം സംബന്ധിച്ച പരാതികൾ പരിശോധിച്ച് നടപടി സ്വീകരിച്ച് പരാതിക്കാരന് മറുപടി നൽകി വരുന്നു. കൂടാതെ വളരെ നാളായി പ്രവർത്തനം മന്ദീഭവിച്ചിരുന്ന കാഷ്യൂ എൻഫോഴ്സ്മെൻറ് റിവ്യൂ കമ്മിറ്റി പുനരുജ്ജീവിപ്പിച്ച് നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനുവേണ്ട നടപടി സ്വീകരിച്ചു വരുന്നു.

Vivekanand

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :500

16-7-2008-ൽ മറുപടിയ്ക്ക്

## നബാർഡ് ധനസഹായത്തോടെ ടൂറിസം പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ് :<br>ശ്രീ.കെ.കെ.ജയചന്ദ്രൻ :<br>ശ്രീ.പി.കൃഷ്ണപ്രസാദ് :<br>ശ്രീ.വി.ശിവൻകുട്ടി :<br>ശ്രീ.രാജു എബ്രഹാം: | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| (എ) നബാർഡിന്റെ ധനസഹായത്തോടെ വൻകിട ടൂറിസം പദ്ധതികൾ നടപ്പാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പദ്ധതികളാണ് ഇത്തരത്തിൽ സമർപ്പിക്കപ്പെട്ടത്;<br><br>(സി) അവ ഏതെല്ലാമെന്നും എത്ര തുകയ്ക്കുള്ളതാണെന്നും ഏതൊക്കെ ജില്ലകളിലാണെന്നും വ്യക്തമാക്കാമോ ; | (ബി) & (സി)<br>1. തൃശ്ശൂർ ജില്ലയിലെ പട്ടിക്കാട് - പീച്ചി റോഡിന്റെ വികസനം - 537.5 ലക്ഷം<br>2. കാസർകോട് ജില്ലയിലെ ബേക്കൽ പദ്ധതി പ്രദേശത്തിലേക്കുള്ള റോഡുകളുടെ വികസനം - 632.10 ലക്ഷം<br>3. വയനാട് ജില്ലയിലെ ടൂറിസം കേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം - 182 ലക്ഷം<br>4. തൃശ്ശൂർ ജില്ലയിലെ ചാലക്കുടി - [illegible] എൻ.എച്ച് 47 റോഡ് വികസനം - 215 ലക്ഷം<br><br>ഗ്രാമീണ ടൂറിസം പദ്ധതികൾ<br><br>1. കോട്ടയം ജില്ലയിലെ [illegible] പദ്ധതി - 2178 ലക്ഷം |

2-500

2. കോഴിക്കോട് ജില്ലയിലെ ചാലിക്കര - സുബിക്ഷ കോക്കനട്ട് പ്രോസസിംഗ് പ്രോജക്ട് - 508.78 ലക്ഷം

3. തിരുവനന്തപുരം ജില്ലയിലെ മഞ്ചവിളാകം - ഹാൻഡ്‌ലൂം പ്രോജക്ട് - 292.24 ലക്ഷം.

4. കണ്ണൂർ ജില്ലയിലെ അഴീക്കൽ ഹാൻഡ്‌ലൂം പ്രോജക്ട് - 376.10 ലക്ഷം

5. സുഗന്ധഗിരി സ്പൈസ് വില്ലേജ്, വയനാട് - 418.45 ലക്ഷം

6. കയർ വില്ലേജ്, മുഹമ്മ, ആലപ്പുഴ - 403.42 ലക്ഷം

7. ക്രാഫ്റ്റ് വില്ലേജ്, ഇരിങ്ങൽ, കോഴിക്കോട് - 195.5 ലക്ഷം

8. ഹാൻഡ്‌ലൂം വില്ലേജ്, തിരുവില്വാമല, തൃശ്ശൂർ - 474.40 ലക്ഷം

9. പോട്ടേഴ്സ് വില്ലേജ്, നിലമ്പൂർ, മലപ്പുറം - 292.66 ലക്ഷം.

| | | | |
|---|---|---|---|
| (ഡി) | ഇതിനകം ഏതെങ്കിലും പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ? | (ഡി) | മുകളിൽ പറഞ്ഞിരിക്കുന്ന പദ്ധതികൾക്കെല്ലാം സർക്കാർ തത്വത്തിലുള്ള അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ നബാർഡിന്റെ അംഗീകാരം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 501 16/7/2008-ൽ മറുപടിക്ക്

## ഭക്ഷ്യവിളകളുടെ ഉല്പാദനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്<br>ശ്രീ. പി.കെ. അബ്ദുറബ്ബ് | | ശ്രീ. മുല്ലക്കര രത്നാകരൻ<br>(കൃഷി വകുപ്പു മന്ത്രി) | |
| എ) | കേരളത്തിൽ കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഓരോന്നിലും ഭക്ഷ്യവിളകളുടെ ഉൽപാദനം എത്രകണ്ട് കുറഞ്ഞിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; | എ) | പ്രധാന ഭക്ഷ്യവിളയായ നെല്ലിന്റെ ഉൽപാദനം രണ്ട് ശതമാനം കണ്ട് വർദ്ധിച്ചിട്ടുണ്ട്.പച്ചക്കറികളുടെ മേഖലയിലെ " ഹരിതശ്രീ " പദ്ധതി മുഖാന്തിരവും, വി.എഫ്.പി.സി.കെ യുടെ ആറായിരം സ്വാശ്രയ സംഘങ്ങൾ മുഖേനയും നടക്കുന്ന പ്രവർത്തനങ്ങളുടെ ഫലമായി പച്ചക്കറികൾ, ഏത്തക്കായ് എന്നിവയുടെ ഉല്പാദനം കഴിഞ്ഞ രണ്ട് വർഷങ്ങളിലും വർദ്ധിച്ചിട്ടുണ്ട്. പച്ചക്കറികളുടെ വ്യക്തമായ കണക്ക് ലഭ്യമല്ലാത്ത ഇന്നത്തെ അവസ്ഥ പരിഹരിക്കുന്നതിന് "ഡാറ്റ ബേസ് " സൃഷ്ടിക്കുന്നതാണ്. നാളികേരത്തിന്റെ കാര്യത്തിലും നേരിയ വർദ്ധന രേഖപ്പെടുത്തിയിട്ടുണ്ട്. മരച്ചീനി കൃഷിയിടങ്ങൾ റബ്ബർതോട്ടങ്ങളായി പരിവർത്തനം ചെയ്യപ്പെടുന്ന സാഹചര്യം നിമിത്തം ഉൽപാദനത്തിൽ 2% കുറവുണ്ടായതായി കാണുന്നു. നേന്ത്രക്കായ് ഒഴികെയുള്ള വാഴപ്പഴങ്ങൾ, കൈതച്ചക്ക എന്നിവയുടെ ഉൽപാദനത്തിൽ 2.5 ശതമാനം കുറവു വന്നതായി കാണുന്നു. |
| ബി) | ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്തുമോ ? | ബി) | പ്രധാന ഭക്ഷ്യവിളകളായ നെല്ല്, പച്ചക്കറി എന്നിവയുടെ ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് വിവിധ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കി വരുന്നു.<br><br>നെൽക്കൃഷി മേഖലയിലെ ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് കൃഷി വകുപ്പ് ഈ സാമ്പത്തിക വർഷം വിവിധ കേന്ദ്ര |

(3)

സംസ്ഥാനാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഒരു ലക്ഷം ഹെക്ടർ പാടശേഖരങ്ങളിൽ ഗ്രൂപ്പ് ഫാമിംഗ് പദ്ധതി, തരിശുഭൂമി കൃഷി പദ്ധതി, മൂന്നാം വിളയായി അധികവരുമാനം ലഭ്യമാക്കുന്ന പദ്ധതി, പരമ്പരാഗത നെൽക്കൃഷി മേഖലയിലെ നെൽകർഷകർക്ക് പലിശരഹിത വായ്പാ പദ്ധതി, ഉല്പാദന ബോണസ് നൽകൽ, നെൽകൃഷിക്ക് സൗജന്യ വൈദ്യുതി, കേന്ദ്ര സഹായത്തോടുകൂടിയ "മാക്രോ മാനേജ്മെന്റ് പദ്ധതിയിൽപ്പെടുത്തി നെൽകൃഷി വികസനം" തുടങ്ങിയവ നെൽകൃഷിയുടെ ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് നടപ്പിലാക്കി വരുന്നു.

പച്ചക്കറിയുടെ സ്വയംപര്യാപ്തത ലക്ഷ്യമിട്ട് കൃഷി വകുപ്പ് തയ്യാറാക്കിയ 966.15 ലക്ഷം രൂപയുടെ ബൃഹത് പദ്ധതിക്ക് സർക്കാർ അനുമതി നൽകുകയും പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനമൊട്ടാകെ 1000 ജൈവ പച്ചക്കറി ഗ്രാമങ്ങൾ രൂപീകരണത്തിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൻ കീഴിൽ ആയിരം ജൈവ പച്ചക്കറി ഗ്രാമങ്ങൾ രൂപീകരിച്ച് പച്ചക്കറി കൃഷി നടപ്പാക്കൽ, നഗരപ്രദേശങ്ങളിൽ വീട്ടുവളപ്പിൽ വീട്ടമ്മമാരുടെ പങ്കാളിത്തത്തോടെ നടത്തുന്ന പച്ചക്കറി കൃഷി, വിദ്യാലയങ്ങളിൽ പച്ചക്കറി തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള ധനസഹായം, സസ്യസംരക്ഷണ ഉപകരണങ്ങളുടെ വിതരണം, പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള പ്രോത്സാഹന സമ്മാനം, ജൈവവളം ഉല്പാദിപ്പിക്കുന്നതിനുള്ള പ്രോത്സാഹനം, കുറഞ്ഞ നിരക്കിൽ വായ്പ ലഭ്യമാക്കൽ, വിപണന സൗകര്യങ്ങൾ ഏർപ്പെടുത്തൽ തുടങ്ങിയ ഘടകങ്ങൾ നടപ്പിലാക്കുന്നതാണ്. ഭക്ഷ്യസുരക്ഷാ പരിപാടിപ്രകാരം, ഉല്പാദന വർദ്ധനവ് ലക്ഷ്യമിട്ട് പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം. 502

16.07.2008-ൽ മറുപടിയ്ക്ക്

## കാർഷിക വിളകളുടെ കീടബാധ

ചോദ്യം

ശ്രീ. ബി.ഡി. ദേവസ്സി
ശ്രീ. സാജു പോൾ
ശ്രീ. അൽഫോൺസ് കണ്ണന്താനം
ശ്രീ. സി.കെ. സദാശിവൻ
ശ്രീ. എം. ഹംസ

മറുപടി

ശ്രീ. മുല്ലക്കര രത്നാകരൻ
(കൃഷി വകുപ്പ് മന്ത്രി)

എ) കാർഷിക വിളകളുടെ കീടബാധ പരിഹരിക്കുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

എ) ജൈവ കീട നിയന്ത്രണം, സംയോജിത കീട നിയന്ത്രണം എന്നീ മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന പദ്ധതികളാണ് കൃഷി വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്. കാർഷിക വിളകളുടെ കീടബാധ പരിഹരിക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നു.

i) സംസ്ഥാനത്തെ ഒമ്പത് ജില്ലകളിലായി 'പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ' സ്ഥാപിച്ച് എതിർ പ്രാണികളെ ഉല്പാദിപ്പിച്ച് തെങ്ങിന്റെ കീട നിയന്ത്രണത്തിനായി ഉപയോഗിച്ചു വരുന്നു.

ii) 'കേരള സെന്റർ ഫോർ പെസ്റ്റ് മാനേജ്മെന്റ്' എന്ന സ്ഥാപനം, നെല്ലിനെ കീടങ്ങളുടെ ആക്രമണത്തിൽ നിന്നും രക്ഷിക്കുന്നതിനായി കർഷകർക്ക് മുന്നറിയിപ്പു നൽകുകയും വിള തുടങ്ങുന്നതിനു മുൻപും പിൻപുമായി പാലിക്കേണ്ട നിർദ്ദേശങ്ങളും പരിശീലനങ്ങളും സമയാസമയങ്ങളിൽ നൽകുകയും ചെയ്യുന്നു.

iii) 'കേര വികസന പദ്ധതി' അനുസരിച്ച് കേരശ്രീ ഗ്രൂപ്പുകൾക്ക് നൽകുന്ന ധന സഹായ പദ്ധതിയിലും കീടനിയന്ത്രണ ത്തിനു വേണ്ട നിർദ്ദേശങ്ങൾ ഉൾക്കൊള്ളി ച്ചിട്ടുണ്ട്.

iv) നെൽ കൃഷി സംരക്ഷണത്തിനായുള്ള 'സംയോജിത കീട നിയന്ത്രണ പദ്ധതി' യിൽ, 'പ്രകാശക്കെണി'കൾ സ്ഥാപിക്കുക, ആകസ്മികമായുണ്ടാകുന്ന രോഗ-കീട ബാധകൾ നിയന്ത്രിക്കുന്നതിനായി ദ്രുത കർമ്മ സേനയുടെ സഹായം ലഭ്യമാക്കുക, എലി നശീകരണം, പരിശീലന പരിപാടി കൾ, സഞ്ചരിക്കുന്ന അഗ്രോ ക്ലിനിക്കുകൾ മുതലായ ഘടകങ്ങൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നു.

v) മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബയോ കൺട്രോൾ ലാബിൽ നിന്ന്, നെല്ലിനെ ബാധിക്കുന്ന തണ്ടുതുരപ്പൻ, ഇല ചുരുട്ടിപ്പുഴു എന്നീ കീടങ്ങളെ നശിപ്പിക്കു വാൻ ജൈവ നിയന്ത്രണ ഉപാധിയായ ട്രൈക്കോകാർഡ്, നെൽച്ചാഴിയ്ക്ക് എതി രായി ബ്യൂവേറിയ എന്ന ബയോ കൺ ട്രോൾ ഏജന്റ്, മീലിമൂട്ടയ്ക്ക് എതിരായി വെർട്ടിസീലിയം എന്ന ബയോ കൺട്രോൾ ഏജന്റ് എന്നിവ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തു വരുന്നു.

vi) കീടാക്രമണത്തെ തടയുക എന്ന ഉദ്ദേശ ത്തോടെ വിവിധ കൃഷി രീതികളായ വിള പരിക്രമം, സമ്മിശ്ര കൃഷി, സംയോജിത കൃഷി, ഇടവിള പരിപാലനം, പാടങ്ങളിലെ നെൽക്കുറ്റികൾ കത്തിച്ചുകളയൽ, പാട ങ്ങളിൽ വെള്ളം കയറ്റൽ, കളനിയന്ത്രണം,

തെങ്ങിൻ തോട്ടങ്ങൾ വൃത്തിയാക്കൽ, ഗ്രൂപ്പ് ഫാമിംഗ് എന്നിവയെക്കുറിച്ച് കർഷ കർക്ക് ബോധവൽക്കരണം നൽകുന്നുണ്ട്.

vii) ജൈവ കൃഷിയിൽ കീടാക്രമണം താര തമ്യേന കുറവായതിനാൽ ജൈവകൃഷി കൂടുതൽ പ്രോത്സാഹിപ്പിക്കുകയും ചെയ്യു ന്നുണ്ട്.

| | |
|---|---|
| ബി) കീടബാധ തടയുന്നതിന് മരുന്നു തളിക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേ ശങ്ങളും പരിശീലനവും നൽകുന്ന തിന് സംവിധാനം ഏർപ്പെടുത്തിയി ട്ടുണ്ടോ; | ബി) ഉണ്ട്. |
| സി) വിവിധ കൃഷികളെ ബാധിക്കുന്ന കീടങ്ങളെ സംബന്ധിച്ച് കർഷകരെ ബോധവാന്മാരാക്കുന്നതിന് ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർ ത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | സി) ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർ ത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുവാൻ 2008-2009 സാമ്പത്തിക വർഷം 115 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നിലവിൽ കർഷകർക്ക് ബോധവൽക്കരണം നൽകുന്നതിന് വിവിധ പരിപാടികൾ ബ്യൂറോ വഴി നടപ്പിലാക്കി വരുന്നുണ്ട്. "കേരള കർഷകൻ മാസിക", വീഡിയോ ആവിഷ്ക്കരണമായ 'നൂറുമേനി', 'ഹരിതദളം', ന്യൂസ് ലെറ്റർ, ആകാശവാണി യിലൂടെയുള്ള കാർഷിക മേഖലാ വാർത്ത കൾ, പ്രദർശനങ്ങൾ മുതലായവ വഴി കർഷ കരെ ബോധവൽക്കരിക്കുന്നുണ്ട്. ഇതു കൂടാതെ കീടങ്ങളെ സംബന്ധിച്ചും അവ യുടെ നിവാരണ മാർഗ്ഗങ്ങളെ സംബന്ധിച്ചും പ്രതിപാദിക്കുന്ന ലഘുലേഖകൾ, കൈപ്പുസ്ത കങ്ങൾ എന്നിവയും പ്രസിദ്ധീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. * 503 16.7.2008-ൽ മറുപടിയ്ക്ക്

നിർമ്മാണ കാർഷിക മേഖലകളിലെ രൂക്ഷമായ തൊഴിലാളിക്ഷാമം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വർക്കല കഹാർ :<br>ശ്രീ. വി.ഡി.സതീശൻ :<br>ശ്രീ. എ.പി.അനിൽകുമാർ : | ശ്രീ.പി.കെ.ഗുരുദാസൻ<br>(തൊഴിലും എക്സൈസും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ നിർമ്മാണ, കാർഷിക മേഖലകളിൽ തൊഴിലാളി ക്ഷാമം രൂക്ഷമാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ഇത് സംബന്ധിച്ച പഠനം തൊഴിൽ വകുപ്പു മുഖേന നടത്തിയിട്ടില്ല. എന്നാൽ കാർഷിക ജോലികൾക്കായി ചില മേഖലകളിൽ മതിയായ തോതിൽ തൊഴിലാളികളെ ലഭിക്കുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ മേഖലകളിലെ ആവശ്യകതയും ലഭ്യതയും തമ്മിലുള്ള അന്തരം സംബന്ധിച്ച കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കുമോ ; | (ബി) ശേഖരിച്ചിട്ടില്ല |
| (സി) ഈ മേഖലകളിൽ തൊഴിലെടുക്കുന്നവരിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾ എത്ര ശതമാനമുണ്ടെന്ന് വെളിപ്പെടുത്തുമോ ; | (സി) മിക്കവാറും എല്ലാ തൊഴിൽ മേഖലകളിലേയ്ക്കും അന്യസംസ്ഥാന തൊഴിലാളികൾ വന്നു ചേരാറുണ്ട്. എങ്കിലും നിർമ്മാണ മേഖലകളിൽ ഇവരെ കൂടുതലായി കണ്ടുവരുന്നു. നിലവിൽ ഏതെങ്കിലും തൊഴിൽ മേഖലകളിൽ പണിയെടുക്കുന്ന അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികൾ എത്ര ശതമാനമുണ്ടെന്ന് തൊഴിൽ വകുപ്പിന്റെ പക്കൽ വ്യക്തമായ സ്ഥിതിവിവര കണക്കുകൾ ഇല്ല. അതേ സമയം അന്യസംസ്ഥാന |

തൊഴിലാളികളെ കണ്ടെത്തുന്നതിന് തൊഴിൽ വകുപ്പിലെ അസിസ്റ്റൻറ് ലേബർ ഓഫീസർമാർ മുഖേന ഒരു സർവ്വേ നടത്തിവരുന്നുണ്ട്. ഇത് പൂർത്തിയാകുമ്പോൾ അന്യസംസ്ഥാന തൊഴിലാളികളുടെ വിശദവിവരം ലഭ്യമാകുന്നതും, ഇവരുടെ ശതമാനം എത്രയാണെന്ന് തിട്ടപ്പെടുത്താവുന്നതുമാണ്.

(ഡി) മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഈ മേഖലകളിൽ പണിയെടുക്കുന്ന തൊഴിലാളികളും ഈ മേഖല വിട്ടുപോകുന്നതായി കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല

(ഇ) നിർമ്മാണ മേഖലയിലെ ജോലിയിലെ ഗുണനിലവാരമില്ലായ്മമൂലം പല നിർമ്മാണ പ്രവൃത്തികളും വീണ്ടും നടത്തേണ്ടി വരുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിർമ്മാണ പ്രവർത്തനങ്ങളുടെ ഗുണനിലവാരം തൊഴിൽ വകുപ്പു മുഖേന തിട്ടപ്പെടുത്തുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലില്ല

(എഫ്) നിർമ്മാണ മേഖലയിലെ ജോലിയുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത് ?

(എഫ്) നിർമ്മാണ മേഖലയിലെ ജോലിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് തൊഴിൽ വകുപ്പിൽ പ്രത്യേക സംവിധാനങ്ങൾ നിലവിലില്ലാത്തതിനാൽ ഇതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും തന്നെ തൊഴിൽ വകുപ്പിൻെറ പരിഗണനയിലില്ല. എന്നാൽ ക്ഷേമനിധി ബോർഡ്, തൊഴിലാളികളുടെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള ചില പദ്ധതികൾക്ക് രൂപം നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ- 504 16/7/2008-ൽ മറുപടിയ്ക്ക്.

# ജയിൽ നവീകരണ പദ്ധതി

ചോദ്യം ഉത്തരം

പ്രൊഫ.കെ.വി.തോമസ്: ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

ശ്രീ.ജോർജ്ജ് മേഴ്സിയർ : (ബഹു: ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി):

| | |
|---|---|
| (എ). സംസ്ഥാന ജയിൽ പരിഷ്കരണത്തിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ പദ്ധതികൾ നടപ്പിലാക്കിയെന്നു വ്യക്തമാക്കുമോ; | (എ). ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2007-08 സാമ്പത്തികവർഷത്തിൽ 75% കേന്ദ്ര സഹായത്തോടു കൂടി നടപ്പാക്കുന്ന ജയിൽ നവീകരണ പദ്ധതികൾക്കായി, പദ്ധതി നടപ്പിലാക്കാതിരുന്ന 2006-07 വരെയുള്ള കാലയളവിലേക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കുകയും 19.65 കോടി രൂപയുടെ (സംസ്ഥാന വിഹിതം ഉൾപ്പെടെ) പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തു. 2007-08 ൽ സപ്ളിമെന്ററി ഗ്രാന്റിലൂടെ 7.84 കോടി രൂപ ടി പദ്ധതികളുടെ നടത്തിപ്പിനായി സംസ്ഥാന സർക്കാർ അനുവദിച്ചു. ടി തുക പൂർണ്ണമായും ജയിലുകളിൽ പുതിയ ബ്ളോക്കുകൾ , ബാരക്കുകൾ, ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകൾ എന്നിവയുടെ നിർമ്മാണത്തിനായി കേരളാ പോലീസ് ഹൗസിംഗ് കൺസ്ട്രക്ഷൻ കോർപ്പറേഷന് കൈമാറി കഴിഞ്ഞു. പൂർണ്ണമായും അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായുള്ള കെട്ടിട നിർമ്മാണ പ്രവർത്തനങ്ങളാണ് പദ്ധതിയിലുള്ളത്. |
| (ബി). ഈ പദ്ധതിക്ക് കേന്ദ്രസഹായമായി ഇതുവരെ എത്ര തുക ലഭിച്ചു; സംസ്ഥാന വിഹിതമായി എത്ര രൂപ ചെലവഴിച്ചു; | (ബി). 75% കേന്ദ്ര സഹായത്തോടു കൂടി നടപ്പാക്കുന്ന ജയിൽ നവികരണ പദ്ധതികൾക്കായി കേന്ദ്ര സഹായമായി ആകെ 24.55 (മേൽപ്പറഞ്ഞ 19.65 കോടി രൂപ ഉൾപ്പെടെ) കോടി രൂപ ലഭിച്ചു. സംസ്ഥാന വിഹിതമായി 2002-03, 2003-04 കാലയളവിൽ ആകെ 3.15 കോടി രൂപ ചെലവഴിച്ചു: ഇപ്പോൾ അനുമതി ലഭിച്ചിരിക്കുന്ന [illegible] കോടി രൂപയുടെ പദ്ധതി[illegible] മാത്രമേ സംസ്ഥാനവിഹിതത്തിന്റെ ചെലവിന്റെ പൂർണമായ കണക്ക് ലഭ്യമാകുകയുള്ളൂ. |
| (സി). ജയിൽ നവികരണ പദ്ധതിയുടെ രണ്ടാംഘട്ട വികസനത്തിനായുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; | (സി). ഉണ്ട്. |

| | |
|---|---|
| (ഡി). ഈ പദ്ധതിയുടെ ഭാഗമായി എന്തൊക്കെ നിർദ്ദേശങ്ങളാണ് ആഭ്യന്തര മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത് എന്നും ജയിലുകളിലെ സുരക്ഷ ഉറപ്പാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്ന നിർദ്ദേശമാണ് പുതിയ പദ്ധതിയിലുള്ളതെന്നും വിശദീകരിക്കാമോ? | (ഡി). താഴെ പറയുന്നവയെപ്പറ്റിയുള്ള നിർദ്ദേശങ്ങളാണ് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്.<br>1. പുതിയ ജയിലുകളുടെ നിർമ്മാണം<br>2. പഴയ ജയിലുകളുടെ സ്ഥാനത്ത് പുതിയ ജയിലുകൾ<br>3. പുതിയ ബാരക്കുകളുടെ നിർമ്മാണം<br>4. ജയിലുകളുടെ അറ്റകുറ്റപ്പണികൾ<br>5. കുടിവെള്ള പദ്ധതികൾ<br>6. ശുചിത്വം, മാലിന്യ നിർമ്മാർജ്ജനം<br>7. ആരോഗ്യപരിരക്ഷ<br>8. അടുക്കളകളുടെ നവീകരണം<br>9. ക്വാർട്ടേഴ്സ് നിർമ്മാണം<br>10. ചുറ്റുമതിൽ നിർമ്മാണം<br>11. തുറന്ന ജയിലുകളിൽ ഭൂമിക്ക് ചുറ്റുമുള്ള വേലി<br>12. തടവുകാർക്കുള്ള വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, കായികവിനോദങ്ങൾ<br>13. പുനരധിവാസ പദ്ധതികൾ<br>14. ജയിൽ ജീവനക്കാർക്ക് പരിശീലനം<br>15. ആഫ്റ്റർ കെയർ സ്ഥാപനങ്ങൾ<br>16. കമ്പ്യൂട്ടർവത്കരണം<br>17. കമ്മ്യൂണിക്കേഷൻ ഉപകരണങ്ങൾ<br>18. വീഡിയോ കോൺഫറൻസിംഗ്<br>19. സുരക്ഷാ ഉപകരണങ്ങൾ<br>20. വിവിധോദ്ദേശ്യ വാഹനങ്ങൾ<br><br>ടി പദ്ധതികൾക്കായി 536.66 കോടി രൂപയുടെ നിർദേശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ജയിലുകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ഡോക്കി ടോക്കി സെറ്റുകൾ ആധുനിക സുരക്ഷ ഉപകരണങ്ങൾ , മൊബൈൽ ജാമറുകൾ,സർവെലൻസ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും വൈദ്യുതി വേലികൾ സ്ഥാപിക്കുന്നതിനും, സെക്യൂരിറ്റി കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിനും ഉള്ള പദ്ധതികൾ ടി നിർദ്ദേശങ്ങളിൽ ഉൾപ്പെടുന്നു. കൂടാതെ 200 തടവുകാരെ പാർപ്പിക്കാവുന്ന ഒരു ഹൈ സെക്യൂരിറ്റി ജയിൽ സ്ഥാപിക്കാനുള്ള നിർദ്ദേശവും സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ .505

16-7-2008-ൽ മറുപടിയ്ക്ക്

**ടൂറിസം വികസനത്തിന് ലോക മലയാളി സംഘടനാ പ്രതിനിധികളുടെ അന്താരാഷ്ട്ര സമ്മേളനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.കുഞ്ഞിരാമൻ :<br>ശ്രീ.പി.പി.അബ്ദുള്ളക്കുട്ടി :<br>ശ്രീ.മഞ്ഞളാംകുഴി അലി :<br>ശ്രീ.വി.എൻ.വാസവൻ :<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു: | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>(ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി). |
| (എ) ടൂറിസം വികസനത്തിന്റെ ഭാഗമായി ലോകമലയാളി സംഘടനാ പ്രതിനിധികളുടെ അന്താരാഷ്ട്ര സമ്മേളനം വിളിച്ചു ചേർക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) ടൂറിസം വികസനത്തിന്റെ ഭാഗമായി ലോകമലയാളി സംഘടനാ പ്രതിനിധികളുടെ സമ്മേളനം ചേരാൻ ഉദ്ദേശിക്കുന്നുണ്ട്. വിവിധ മേഖലകളിൽ പ്രാഗൽഭ്യവും പ്രാവീണ്യവും തെളിയിച്ച ഉന്നതസ്ഥാനീയരായ മലയാളികളെയും പ്രത്യേകിച്ച് വ്യവസായ വാണിജ്യ മേഖലകളിൽ സജീവമായി നിൽക്കുന്ന മലയാളികളെയും ആണ് സമ്മേളനത്തിൽ പങ്കെടുപ്പിക്കാൻ ഉദ്ദേശിക്കുന്നത്. ഈ വർഷം ഡിസംബറിൽ സംസ്ഥാന പ്രവാസികാര്യ വകുപ്പിന്റെ സഹായത്തോടെ കൊച്ചിയിൽ ആണ് സമ്മേളനം ചേരാൻ ഉദ്ദേശിക്കുന്നത്. |
| (ബി) ഈ സമ്മേളനത്തിൽ എത്ര പേരെ പങ്കെടുപ്പിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വിശദമാക്കാമോ ; | (ബി) സമ്മേളനത്തിൽ പങ്കെടുപ്പിക്കാൻ ഉദ്ദേശിക്കുന്ന പ്രതിനിധികളുടെ വിശദാംശങ്ങൾ തയ്യാറാക്കിയിട്ടില്ല. |

2 - 505

| | | | |
|---|---|---|---|
| (സി) | ഇത്തരത്തിൽ സംഘടിപ്പിക്കുന്ന സമ്മേളനത്തിന് ടൂറിസം മേഖലയിൽ ഉണ്ടാക്കാൻ കഴിയുന്ന നേട്ടങ്ങളെക്കുറിച്ച് വിശദമാക്കാമോ; | (സി) | വിദേശരാജ്യങ്ങളിൽ വിവിധ രംഗങ്ങളിൽ പ്രവർത്തിക്കുന്ന മലയാളികളിലൂടെ കേരളത്തിലേക്ക് കൂടുതൽ വിദേശവിനോദ സഞ്ചാരികളെ ആകർഷിക്കാനുള്ള ഒരു പദ്ധതിയാണ് സർക്കാർ ലക്ഷ്യമിടുന്നത്. കൂടാതെ വിനോദ സഞ്ചാര മേഖലയിലെ നിക്ഷേപ സാധ്യതകളെക്കുറിച്ച് വിദേശ മലയാളികൾക്കിടയിൽ അവബോധം സൃഷ്ടിക്കാനും സമ്മേളനം വഴി ഉദ്ദേശിക്കുന്നു. |
| (ഡി) | വിദേശ രാജ്യങ്ങളിലെ ടൂറിസം മാർക്കറ്റിംഗിന് ഏതെല്ലാം നിലയിൽ ഈ സംഘടനകളെ പ്രയോജനപ്പെടുത്താൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്? | (ഡി) | ഉയർന്ന പദവികളിൽ വിവിധ വ്യവസായ വാണിജ്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന മലയാളികൾക്ക് അത്തരം സ്ഥാപനങ്ങളിൽ തന്നെയുള്ള വിദേശികളെ കേരളത്തിലേയ്ക്ക് വരുന്നതിന് പ്രേരിപ്പിക്കാൻ ഈ പദ്ധതിക്ക് കഴിയും. മലയാളി സംഘടനകൾക്ക് ഈ രംഗത്ത് നിരവധി സംഭാവനകൾ നൽകാൻ കഴിയുമെന്നാണ് സർക്കാരിന്റെ വിശ്വാസം. കൂടാതെ ഇത്തരം സംഘടനകൾ മുഖാന്തിരം വിദേശത്ത് കേരളാ ഫെസ്റ്റിവൽ സംഘടിപ്പിക്കുക വഴി നമ്മുടെ നാടിനെ വിദേശികൾക്ക് കൂടുതൽ പരിചയപ്പെടുത്തുന്നതിനും അതുവഴി വിദേശീയരെ ആകർഷിക്കുന്നതിനും കഴിയുമെന്ന് കരുതുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ- 506 — 16/7/2008-ൽ മറുപടിയ്ക്ക്.

## സ്ത്രീ തടവുകാരുടെ ചികിത്സാ സൗകര്യം

ചോദ്യം — ഉത്തരം

ശ്രീ.വി.ഡി.സതീശൻ: — ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

ശ്രീ.എം.എ.വാഹിദ്: — (ബഹു: ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി):

| | |
|---|---|
| (എ). സംസ്ഥാനത്ത് സ്ത്രീ തടവുകാരെ പാർപ്പിക്കുന്നതിന് ഏതെല്ലാം ജയിലുകളിലാണ് സൗകര്യമുള്ളത്; | (എ). സംസ്ഥാനത്ത് സ്ത്രീ തടവുകാരെ പാർപ്പിക്കുന്നതിന് താഴെ പറയുന്ന ജയിലുകളിൽ സൗകര്യം ഉണ്ട്.<br>1. സെൻട്രൽ ജയിൽ , തിരുവനന്തപുരം<br>2. സെൻട്രൽ ജയിൽ, കണ്ണൂർ<br>3. സെൻട്രൽ ജയിൽ, വിയ്യൂർ<br>4. വനിതാ ജയിൽ, നെയ്യാറ്റിൻകര<br>5. ജില്ലാ ജയിൽ, കോഴിക്കോട്<br>6. ജില്ലാ ജയിൽ, കൊല്ലം<br>7. സ്പെഷ്യൽ സബ് ജയിൽ , കോട്ടയം<br>8. സ്പെഷ്യൽ സബ് ജയിൽ, ആലപ്പുഴ<br>9. സ്പെഷ്യൽ സബ് ജയിൽ, പാലക്കാട്<br>10. സബ് ജയിൽ, ആറ്റിങ്ങൽ<br>11. സബ് ജയിൽ, പത്തനംതിട്ട<br>12. സബ് ജയിൽ,, കൊട്ടാരക്കര<br>13. സബ് ജയിൽ,, പീരുമേട്<br>14. സബ് ജയിൽ, എറണാകുളം<br>15. സബ് ജയിൽ, മട്ടാഞ്ചേരി<br>16. സബ് ജയിൽ, മാവേലിക്കര<br>17. സബ് ജയിൽ, മൂവാറ്റുപുഴ<br>18. സബ് ജയിൽ, ആലുവ<br>19. സബ് ജയിൽ, ചാവക്കാട്<br>20. സബ് ജയിൽ, കൊയിലാണ്ടി<br>21. സബ് ജയിൽ, വൈത്തിരി<br>22. സബ് ജയിൽ, പൊൻകുന്നം<br>23. സബ് ജയിൽ, ദേവികുളം<br>24. സബ് ജയിൽ, ഒറ്റപ്പാലം<br>25. സബ് ജയിൽ, ഇരിങ്ങാലക്കുട<br>26. സബ് ജയിൽ, ആലത്തൂർ<br>27. സബ് ജയിൽ, ഹോസ്ദുർഗ്ഗ്<br>28. സബ് ജയിൽ, കാസർഗോഡ്<br>29. സബ് ജയിൽ, ചിറ്റൂർ<br>30. സബ് ജയിൽ, മഞ്ചേരി |

2-566

| | |
|---|---|
| | *31.* സബ് ജയിൽ, തിരൂർ<br>*32.* സബ് ജയിൽ, പൊന്നാനി<br>*33.* സബ് ജയിൽ, പെരിന്തൽമണ്ണ |
| (ബി). സ്ത്രീകളുടെ ജയിലുകളിൽ തടവുകാരുടെ ചികിത്സയ്ക്ക് സൗകര്യമില്ലെന്ന പരാതി ഉയർന്നുവന്നിട്ടുണ്ടോ; | (ബി). ഇല്ല |
| (സി). വനിതാ തടവുകാർക്ക് അസുഖം വന്നാൽ ചികിത്സയ്ക്ക് ഇപ്പോൾ എന്ത് സംവിധാനമാണ് സ്വീകരിച്ചിട്ടുള്ളത്; | (സി). സെൻട്രൽ ജയിലുകളിൽ മെഡിക്കൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. വനിതാ ജയിലിൽ ആഴ്ചയിൽ രണ്ടുപ്രാവശ്യം നെയ്യാറ്റിൻകര താലൂക്ക് ആശുപത്രിയിലെ ഒരു വനിതാ ഡോക്ടർ തടവുകാരെ പരിശോധിച്ച് ആവശ്യമായ ചികിത്സ നൽകി വരുന്നുണ്ട്. കൂടുതൽ മെച്ചപ്പെട്ട ചികിത്സ നൽകേണ്ട തടവുകാരെ ഡോക്ടറുടെ നിർദ്ദേശപ്രകാരം പുറത്തുള്ള സർക്കാർ ആശുപത്രികളിൽ അയച്ച് ചികിത്സ നൽകി വരുന്നു. സബ് ജയിലുകളിൽ ഏറ്റവും അടുത്ത സർക്കാർ ആശുപത്രിയിലെ സിനിയർ ഡോക്ടർ ആഴ്ചയിൽ ഒന്നോ രണ്ടോ പ്രാവശ്യം ജയിലുകൾ സന്ദർശിച്ച് ചികിത്സ നൽകി വരുന്നുണ്ട്. ചട്ടങ്ങൾ അനുസരിച്ച് ജയിൽ സ്ഥിതിചെയ്യുന്ന സ്ഥലത്തെ സീനിയർ മെഡിക്കൽ ഓഫീസർ ആഴ്ചയിൽ രണ്ടുപ്രാവശ്യം ജയിൽ സന്ദർശിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഡോക്ടറുടെ നിർദ്ദേശപ്രകാരം വനിതാ തടവുകാരെ ജില്ലാആശുപത്രികളിലേക്കും മെഡിക്കൽ കോളേജ് ആശുപത്രികളിലേക്കും അയച്ച് വിദഗ്ദ്ധചികിത്സ ലഭ്യമാക്കുന്നുണ്ട്. |
| (ഡി). സ്ത്രീ തടവുകാരെ പാർപ്പിക്കുന്ന ജയിലുകളിൽ അവർക്ക് വൈദ്യസഹായം നല്കുന്നതിനാവശ്യമായ ഡോക്ടർമാരെ നിയമിക്കുമോ? | (ഡി). സ്ത്രീ തടവുകാരെ പാർപ്പിച്ചിട്ടുള്ള ജയിലുകളിൽ അവർക്ക് ആവശ്യമായ വൈദ്യസഹായം നല്കുന്നതിന് ഡോക്ടർമാരുടെ സേവനം ഉപയോഗപ്പെടുത്തിവരുന്നുണ്ട്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ :507 16-07-.2008ൽ മറുപടിക്ക്

വൈദ്യുതി വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്ക്കൃതപദ്ധതികൾ

| ചോദ്യം. | ഉത്തരം |
|---|---|
| ശ്രീ.കെ.കുട്ടി അഹമ്മദ് കുട്ടി :<br>ശ്രീ.കെ. മുഹമ്മദുണ്ണി ഹാജി : | ശ്രീ.എ.കെ.ബാലൻ<br>(പട്ടികസമുദായ ക്ഷേമവും<br>ഊർജ്ജവും വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി വകുപ്പ് നടപ്പിലാക്കുന്ന ഏതെല്ലാം കേന്ദ്രാവിഷ്ക്കൃത പദ്ധതികൾ ഇപ്പോൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) വൈദ്യുതി വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്ക്കൃത പദ്ധതികൾ താഴെ പറയുന്നവയാണ്.<br><br>1. രാജീവ് ഗാന്ധി ഗ്രാമീണ വൈദ്യുതീകരണ പദ്ധതി (ആർ.ജി.ജി.വി.വൈ)<br>2. ഊർജ്ജിത ഊർജ്ജ വികസന പരിഷ്കരണ പദ്ധതി (എ.പി.ഡി. ആർ.പി)<br>3. സുനാമി എമർജൻസി അസിസ്റ്റന്റ് പ്രോജക്ട് (റ്റി.ഇ.എ.പി)<br>4. സുനാമി റീഹാബിലിറ്റേഷൻ പ്രോഗ്രാം (റ്റി.ആർ.പി) |
| (ബി) ഇതിന്റെ കാര്യ നിർവ്വഹണം ഏതു തരത്തിലാണെന്ന് വ്യക്ത മാക്കുമോ ? | (ബി) 1. ആർ.ജി.ജി.വി.വൈ പദ്ധതിയിൽ ഇടുക്കി ജില്ലയിലെ വൈദ്യുതീകരണത്തിനു മാത്രമാണ് കേന്ദ്ര ധനസഹായം ലഭ്യമായിട്ടുള്ളത്. മറ്റു ജില്ലകളിലെ പദ്ധതി 02-06-08 ന് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ച കത്തനുസരിച്ച് , നിർത്തിവെച്ചിരിക്കുകയാണ്.<br><br>2. എ.പി.ഡി.ആർ.പി:<br><br>മെച്ചപ്പെട്ട വൈദ്യുതി വിതരണത്തിനും സാമ്പത്തികക്ഷമത വർദ്ധിപ്പിക്കുന്നതിനും വേണ്ടി കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ഊർജ്ജിത ഊർജ്ജ വികസന പരിഷ്ക്കരണ പരിപാടി. ഈ പദ്ധതിയുടെ |

25% ഗ്രാന്റായി കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്നതാണ്. ഇതിൻ പ്രകാരം മൊത്തം 863 കോടി രൂപയുടെ പദ്ധതികൾക്കാണ് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ഈ പദ്ധതിക്കായി 230.55 കോടി രൂപ കേന്ദ്രസർക്കാരിൽ നിന്നും ഇതുവരെ ലഭിച്ചിട്ടുണ്ട്. നാളിതുവരെ 430.84 കോടി രൂപയ്ക്കുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

3. സുനാമി എമർജൻസി അസിസ്റ്റൻസ് പ്രോജക്ട് :

കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലെ തീരപ്രദേശങ്ങളിലെ വൈദ്യുതി സംവിധാനം മെച്ചപ്പെടുത്തുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 24 കോടിയുടെ ഈ പദ്ധതിയുടെ മൊത്തം ചെലവും ഏഷ്യൻ ഡവലപ്പ്മെന്റ് ബാങ്കിന്റെ ധനസഹായത്തോടെ കേരള സർക്കാർ വഴിയാണ് ലഭിക്കുന്നത്. 2008 ഒക്ടോബർ മാസത്തോടെ പദ്ധതി പൂർത്തിയാക്കുവാൻ ഉദ്ദേശിക്കുന്നു. പദ്ധതിക്കാവശ്യമായ സാധനസാമഗ്രികൾ ചീഫ് എഞ്ചിനീയർ കോർപ്പറേറ്റ് പ്ലാനിംഗ് പ്രത്യേകമായി സമാഹരിച്ച് കൊല്ലം, കരുനാഗപ്പള്ളി, ആലപ്പുഴ, ചേർത്തല,മാവേലിക്കര, മട്ടാഞ്ചേരി എന്നീ ഇലക്ട്രിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ വഴിയാണ് നിർമ്മാണപ്രവൃത്തികൾ നിർവ്വഹിക്കുന്നത്. പ്രവൃത്തികൾ പുരോഗമിക്കുന്നു.

4. സുനാമി റീഹാബിലിറ്റേഷൻ പ്രോഗ്രാം : (റ്റി.ആർ.പി)

തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ 9 ജില്ലകളിലെ സുനാമി നോട്ടിഫൈഡ് വില്ലേജുകളിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. 59 കോടി രൂപയുടെ ഈ പദ്ധതിയിൽ 49

3-507

കോടി രൂപയുടെ ടി.ആർ.പി. ജനറൽ പാക്കേജുകളും 10 കോടി രൂപയുടെ ടി.ആർ.പി സ്പെഷ്യൽ പാക്കേജും ഉൾപ്പെടുന്നു. ടി.ആർ.പി. ജനറൽ പാക്കേജിൽ 47.72 കോടി രൂപയുടെ പ്രവൃത്തികൾക്ക് സർക്കാർ അനുമതിനൽകി. 8.25 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കി. റ്റി.ആർ.പി സ്പെഷ്യൽ പാക്കേജിൽ ആലപ്പാട്, ആറാട്ടുപുഴ, അന്ധകാരനഴി, ഏടവനക്കാട് എന്നീ പഞ്ചായത്തുകൾക്കായി 6.19 കോടി രൂപയുടെ പ്രവൃത്തികൾക്കും സർക്കാർ അംഗീകാരം നൽകി. പ്രവൃത്തികൾ പുരോഗമിക്കുന്നു. രണ്ടു പാക്കേജുകളും 2009 മാർച്ച് മാസത്തോടെ പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

KG Meera Rani

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 508 — 16-07-08-ൽ മറുപടിക്ക്

## വ്യാജ കള്ള് വില്പന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. സി. കെ. സദാശിവൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. എം. കെ. പുരുഷോത്തമൻ<br>ശ്രീ. കെ.വി. കുഞ്ഞിരാമൻ | **ശ്രീ. പി.കെ. ഗുരുദാസൻ**<br>**(തൊഴിലും എക്സൈസും വകുപ്പു മന്ത്രി)** |
| (എ) കള്ളുഷാപ്പുകളിലെ വ്യാജ കള്ള് വില്പന തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ; | (എ) ലൈസൻസ് ചെയ്തിട്ടുള്ള കള്ളുഷാപ്പുകളിൽ സ്വാഭാവിക കള്ള് മാത്രമേ വില്ക്കുന്നുള്ളൂ എന്ന് ഉറപ്പു വരുത്തുന്നതിനായി ഷാപ്പുകളിൽ നിരന്തര പരിശോധന നടത്തുകയും സാമ്പിളുകൾ ശേഖരിച്ച് രാസപരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്യുന്നുണ്ട്. ഇതുകൂടാതെ ഷാപ്പുകളിൽ മിന്നൽ പരിശോധന നടത്തുകയും ഷാപ്പുകളും പരിസരങ്ങളും സൂക്ഷ്മനിരീക്ഷണത്തിന് വിധേയമാക്കുന്നുമുണ്ട്. കൂടാതെ ഓരോ കള്ള് ഷാപ്പിലും നിശ്ചിത എണ്ണം വൃക്ഷങ്ങൾ ലൈസൻസ് ചെയ്ത് ചെത്തി കള്ള് ശേഖരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. വില്പനയ്ക്ക് കള്ള് തികയാതെ വരുന്നപക്ഷം അടുത്ത ഷാപ്പുകളിൽ നിന്നും കള്ള് കൊണ്ടുവരുന്നതിന് പെർമിറ്റ് നൽകാറുണ്ട്. ഇങ്ങനെ കൊണ്ടുവരുന്ന കള്ളിന്റെ ഗുണമേന്മ പരിശോധിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യാജകള്ള് വില്പന നടത്തുന്നു എന്ന് തെളിഞ്ഞാൽ ലൈസൻസ് റദ്ദു ചെയ്യലുൾപ്പെടെയുള്ള നിയമ നടപടികൾ കൈക്കൊള്ളുന്നുണ്ട്. |
| (ബി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 264 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | യഥാർത്ഥ കള്ളും വ്യാജ കള്ളും ശാസ്ത്രീയമായി തിരിച്ചറിയുന്നതിനായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; | (സി) | തിരുവനന്തപുരത്തും, എറണാകുളത്തും കോഴിക്കോടുമുള്ള കെമിക്കൽ ലാബുകളിൽ കള്ളിന്റെ സാമ്പിളുകൾ പരിശോധനയ്ക്ക് അയയ്ക്കുന്നുണ്ട്. ഇതുകൂടാതെ കള്ള് സ്വാഭാവികമാണോ അല്ലയോയെന്ന് കൃത്യതയോടുകൂടി പരിശോധിക്കുന്നതിന് 90 ലക്ഷം രൂപ മുടക്കി മുകളിൽ പറഞ്ഞ മൂന്ന് ലാബുകളിലേയ്ക്കും ഓരോ ഗ്യാസ് ക്രോമോട്ടോഗ്രാഫ് എന്ന ഉപകരണവും എറണാകുളത്തും കോഴിക്കോട്ടും ഓരോ അറ്റോമിക് അബ്സോർബ്ഷൻ സ്പെക്ട്രോ ഫോട്ടോ മീറ്ററും സ്ഥാപിക്കുന്നതിന് ഭരണാനുമതി ആയിട്ടുണ്ട്. |
| (ഡി) | കള്ളിന്റെ രാസഘടന സംബന്ധിച്ച് പഠിച്ച് റിപ്പോർട്ടു നൽകാനും അതിനനുസൃതമായി നിയമ ഭേദഗതികൾ വരുത്താൻ ആവശ്യമായ ശുപാർശകൾ സമർപ്പിക്കാനുമായി നിയോഗിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (ഡി) | ഇല്ല. |
| (ഇ) | അബ്കാരി നിയമങ്ങളിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും അതിനാവശ്യമായ ശുപാർശകൾ നൽകുന്നതിനുമായി രൂപീകരിച്ച ശ്രീമതി ജെ. ലളിതാംബിക അദ്ധ്യക്ഷയായ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | (ഇ) | ലഭിച്ചിട്ടില്ല. |
| (എഫ്) | ഇല്ലെങ്കിൽ ഈ റിപ്പോർട്ട് വൈകാതെ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എഫ്) | നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ

പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നമ്പർ 509 16.07.2008 -ൽ മറുപടിയ്ക്ക്

<u>കായികരംഗത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന സഹായങ്ങളും പ്രോത്സാഹനങ്ങളും</u>

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബി. രാഘവൻ :<br>ശ്രീ. കെ.സി. കുഞ്ഞിരാമൻ :<br>ശ്രീ. ടി.വി. കുഞ്ഞുണ്ണി :<br>ശ്രീ. എ. പ്രദീപ് കുമാർ :<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ : | ശ്രീ. എ.കെ. ബാലൻ<br><br>പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പു മന്ത്രി |
| (എ) കായികരംഗത്ത് പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് പട്ടികജാതി -പട്ടികവർഗ്ഗ വികസന വകുപ്പ് നൽകുന്ന സഹായങ്ങളും പ്രോത്സാഹനങ്ങളും സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ; | (എ) കായികരംഗത്ത് മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ കഴിവുള്ള വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് അവരുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ പരിശീലനം നൽകി അവരെ ഭാവിയിലെ വാഗ്ദാനമാക്കി മാറ്റിയെടുക്കുക എന്ന ലക്ഷ്യത്തോടെ പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ വെള്ളായണി കാർഷിക കോളേജ് ക്യാമ്പസിൽ ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റെസിഡൻഷ്യൽ സ്പോർട്സ് സ്കൂൾ എന്ന പേരിൽ ഒരു സ്ഥാപനം പ്രവർത്തിച്ചു വരുന്നു. ടി സ്കൂളിൽ 4-ാം ക്ലാസ്സ് പാസ്സായ 15 ആൺകുട്ടികൾക്കും 15 പെൺകുട്ടികൾക്കും ഓരോ വർഷവും 5-ാം ക്ലാസ്സിലേക്ക് പ്രവേശനം നൽകുന്നു. കുട്ടികൾക്ക് ആവശ്യമായ താമസ സൗകര്യവും മെച്ചപ്പെട്ട പരിശീലനവും ടി സ്കൂളിൽ നൽകി വരുന്നു. |
| (ബി) ഇവർക്ക് പ്രത്യേക പരിശീലന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ ; | (ബി) ഉണ്ട്.<br>കേരള സ്പോർട്സ് കൗൺസിലിന്റെ കീഴിലുള്ള മികച്ച കോച്ചുമാരുടെ സേവനം ഇവർക്ക് ലഭ്യമാക്കുന്നുണ്ട്. 2007-08 സാമ്പത്തികവർഷം 27,32,378 രൂപയുടെ സ്പോർട്സ് ഉപകരണങ്ങൾ വാങ്ങുകയും ഹെൽത്ത് ആന്റ് ഫിറ്റ്നസ് കോഴ്സിന് 12.29 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) പരിശീലനത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പ്രത്യേക അലവൻസ് നൽകാൻ നടപടി സ്വീകരിക്കുമോ ; | (സി) പരിശീലനത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള നിരക്കിലുള്ള അലവൻസ് ഇപ്പോൾ നൽകി വരുന്നുണ്ട്.<br><br>(തുടർച്ച.... 2-ാം പേജ്) |

| | |
|---|---|
| (ഡി) സംസ്ഥാന തലത്തിലുള്ള മത്സരങ്ങളിൽ മികവ് തെളിയിച്ച പട്ടിക വിഭാഗത്തിൽപ്പെട്ട കായിക പ്രതിഭകൾക്ക് ക്യാഷ് അവാർഡ് നൽകുന്നുണ്ടോ ; | (ഡി) ഉണ്ട്<br>സംസ്ഥാന തലത്തിലെ മത്സരങ്ങളിൽ മികവ് തെളിയിച്ച ശ്രീ. അയ്യൻകാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റെസിഡൻഷ്യൽ സ്പോർട്സ് സ്കൂളിലെ ഫസ്റ്റ്, സെക്കന്റ്, തേർഡ് എന്നീ സ്ഥാനങ്ങൾ നേടിയ കായിക പ്രതിഭകൾക്ക് യഥാക്രമം 1,000/- രൂപ, 750/- രൂപ, 500/- രൂപ എന്നിങ്ങനെയുള്ള നിരക്കിലാണ് ക്യാഷ് അവാർഡ് നൽകി വരുന്നത്. ദേശീയ സംസ്ഥാന മത്സരങ്ങളിൽ ഒന്ന്, രണ്ട്, മൂന്ന് എന്നീ സ്ഥാനങ്ങൾ നേടുന്നവർക്ക് യഥാക്രമം 3000/- രൂപ, 2000/- രൂപ, 1000/- രൂപ എന്നീ ക്രമത്തിൽ ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട്. |
| (ഇ) എങ്കിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ എത്ര പേർക്ക് ക്യാഷ് അവാർഡ് നൽകി എന്ന് അറിയിക്കുമോ ? | (ഇ) ശ്രീ അയ്യൻകാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റെസിഡൻഷ്യൽ സ്പോർട്സ് സ്കൂളിൽ നിന്നും 2006-2007 വർഷത്തിൽ 112 വിദ്യാർത്ഥികൾക്കും, 2007-2008 വർഷത്തിൽ 101 വിദ്യാർത്ഥികൾക്കും ക്യാഷ് അവാർഡ് നൽകുകയുണ്ടായി. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

### പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 510 — 16.07.2008 -ൽ മറുപടിക്ക്

" ഗുണ്ടകളെ അമർച്ച ചെയ്യുന്നതിനുള്ള സ്പെഷ്യൽ ടീമിന്റെ പ്രവർത്തനം "

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : | ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>(ബഹു. ആഭ്യന്തരവും വിനോദ സഞ്ചാരവും വകുപ്പ് മന്ത്രി) |
| (എ)ഗുണ്ടകളെ അമർച്ച ചെയ്യുന്നതിനായി പോലീസിന്റെ സ്പെഷ്യൽ ടീം പ്രവർത്തന സജ്ജമാക്കിയിട്ടുണ്ടോ എന്നും തലസ്ഥാന നഗരത്തിൽ ഇതിനായി എന്തൊക്കെ സംവിധാനങ്ങളാണ് പുതുതായി ഏർപ്പെടുത്തിയിരിക്കുന്നത് എന്നും വ്യക്തമാക്കാമോ ; | (എ)ഗുണ്ടകളെ അമർച്ച ചെയ്യുന്നതിനായി പോലീസിൽ സ്പെഷ്യൽ ടീം രൂപീകരിച്ചിട്ടില്ല. എന്നാൽ തലസ്ഥാന നഗരിയിൽ സ്ഥിരം കുറ്റവാളികളെയും സാമൂഹ്യ വിരുദ്ധരെയും അമർച്ച ചെയ്യുന്നതിന്റെ ഭാഗമായി ഇത്തരക്കാരുടെ പേരിൽ സബ് ഡിവിഷണൽ മജിസ്ട്രേറ്റ് മുഖേന നല്ലനടപ്പിന് ബോണ്ട് വയ്പിക്കാൻ നടപടി എടുക്കാറുണ്ട്. ഗുണ്ടാ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെയും മറ്റും വിശദമായ വിവരങ്ങൾ അടങ്ങുന്ന ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കി ഇത്തരക്കാരെ നിരീക്ഷിച്ച് വരുന്നുണ്ട്. മാത്രമല്ല ഇത്തരത്തിലുള്ള സ്ഥിരം കുറ്റവാളികളെ Kerala Anti - social Activities (Prevention) Act 2007 പ്രകാരം കരുതൽ തടങ്കലിൽ വയ്ക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. |
| (ബി)ഇതിനായി പ്രത്യേക സ്ക്വാഡ് രൂപീകരിച്ച ശേഷം ഗുണ്ടാ പ്രവർത്തനം നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ടോ ; | (ബി)സ്ക്വാഡ് രൂപീകരിച്ചിട്ടില്ല. എങ്കിലും കർശനമായ നിയമ നടപടികൾ എടുക്കുന്നതിന്റെ ഫലമായി അത്തരം പ്രവർത്തനങ്ങൾ നിയന്ത്രണ വിധേയമാണ്. |
| (സി)ഈ സംവിധാനം മറ്റ് ജില്ലകളിലും നടപ്പിലാക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ ? | (സി)എ യുടെയും ബി യുടെയും അടിസ്ഥാനത്തിൽ ബാധകമല്ല |

സെക്ഷൻ ഓഫീസർ